# കേരള സ® ക്കാ®

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോ® ട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയി® :  dokkd.ksad@kerala.gov.in

ഫോ® :  0495-2371012

(രജിസ്റ്റ®  ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® :  KSA/KKD/P3/1488

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി:  18/10/2024
ഇ-മെയി® :
dokkd.ksad@kerala.gov.in
ഫോ® :  0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ഗ്രാമപഞ്ചായത്ത്

സ® ,

**വിഷയം : ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക®  പ്രകാരം ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് ചട്ടം 23(1)®  നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട®  നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട®  ഇതി®  പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ®  എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി®  ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® /തടസ്സങ്ങ®  ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി®  ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക®  ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ®  15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്.

നമ്പ® : KSA/KKD/P3/1488

തീയ്യതി: 18/10/2024

## <u>കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ® ട്ട്.</u>

(**1994** ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-07-2023 മുത® 20-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി® നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി® കണ്ടെത്തിയ അപാകതക® അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുക® ന® കിയതി® 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® ന്മേലുള്ള തുട® നടപടിക® സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി® നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമ® ശങ്ങ® 29-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തി® അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങ® മാത്രമാണ് ഓഡിറ്റ് റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി® തയ്യാറാക്കി ഈ റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി® മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

**<u>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ® :</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയ (വര |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളൈ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 22-07-2024 | 29-07 2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 22-07-2024 | 29-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :**

ശ്രീമതി പ്രസീത കുമാരി എം. (ഓഡിറ്റ് ഓഫീസർ)
ശ്രീമതി ഷൈനി പി (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.ഷിബിൻ കെ.എസ്. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി അശ്വതി ജെ. (ഓഡിറ്റർ)
ശ്രീ.വൈശാഖ് എ. (ഓഡിറ്റർ)

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നൗഷീർ സി.പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. മനോജ് കുമാർ.കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നിർമ്മല അഗസ്റ്റിൻ | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി. ജിജിഷ.പി.കെ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. സ്മിത.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. ജ്യോതി.എൻ.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. അസീന.സി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ബബിത.സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീമതി. റാണി ഷർമ്മിള.എം.കെ | ഹെഡ് മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ഡോ. നിത്യ.കെ.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 01-04-2023 | 20-06-2023 |
| ഡോ. സോണിയ മാർഗ്ഗരറ്റ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 21-06-2023 | 30-06-2023 |
| ഡോ. ശ്രീജിത്ത്.സി.ബി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 01-07-2023 | 09-11-2023 |
| ഡോ. ബിബിൻ പ്രസാദ്.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 10-11-2023 | 31-03-2024 |
| ഡോ. ഷാഹിത.ടി | മെഡിക്കൽ ഓഫീസർ (ആയുർവേദം) ) | 01-04-2023 | 31-03-2024 |
| ഡോ. വിനീഷ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. ഭാഗ്യശ്രീ.ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2023 | 25-06-2023 |
| ഡോ. നർദ | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 27-06-2023 | 31-03-2024 |
| ശ്രീമതി. സബീന.പി | വി.ഇ.ഒ(ചേളന്നൂർ സർക്കിൾ ) | 01-04-2023 | 19-08-2023 |

| | | | |
|---|---|---|---|
| ശ്രീമതി. ജിജി പാദ്വ | വി.ഇ.ഒ(ചേളന്നൂർ സർക്കിൾ ) | 20-08-2023 | 31-03-2024 |
| ശ്രീ. ശശി | വി.ഇ.ഒ(കണ്ണങ്കര സർക്കിൾ ) | 01-04-2023 | 15-07-2023 |
| ശ്രീമതി. സിന്ധു.കെ | വി.ഇ.ഒ (കണ്ണങ്കര സർക്കിൾ ) | 16-07-2023 | 31-03-2024 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വസ്തു നികുതി കുടിശ്ശിക കണക്കിൽ അപാകത | 1-1-4 |
| 6 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല | 1-1-5 |
| 7 | ഇ-ടെണ്ടർ തുക തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല | 1-1-6 |
| 8 | Capital Work In Progress(B-11(B)) ഷെഡ്യൂളിൽ പാർട്ട് ബില്ല് ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | വികസന ഫണ്ട്-സ്രോതസ്സിൽ നിന്നും വിനിയോഗിക്കുന്ന ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല | 1-1-8 |
| 10 | രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-9 |
| 11 | സി.എഫ്.സി ടൈഡ് ഫണ്ട് ചെലവ് - എ.സി.ആറിലെയും വാർഷിക കണക്കിലെയും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-8 |

| | | |
|---|---|---|
| 19 | ലൈസൻസ് - അപാകതകൾ | 1-9 |
| 20 | പാർക്കിംഗ് സൗകര്യം ഉറപ്പുവരുത്താതെ കെട്ടിടനമ്പർ അനുവദിച്ചു | 1-10 |
| 21 | അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിച്ചില്ല. | 1-11 |
| 22 | പഞ്ചായത്ത് ഓഫീസ് നവീകരണം - സിഡ്കോയ്ക്ക് അധികതുക നൽകി | 1-12 |
| 23 | അതിയാനത്തിൽ താഴം ചെറുവോട്ട് റോഡിന് ഡ്രെയിനേജ് നിർമ്മാണം - ബെഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തി | 1-13 |
| 24 | ജലസംരക്ഷണപ്രവൃത്തികൾ ഏറ്റെടുക്കൽ - MORD ലെ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി | 1-14 |
| 25 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 1-15 |
| 26 | പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ/ നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 27 | ബഡ്സ് സ്ക്കൂൾ ജീവനക്കാർക്ക് അർഹതപ്പെട്ട വേതനം നൽകിയില്ല | 1-17 |
| 28 | പകൽ വീട് - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-18 |
| 29 | വരൾച്ചാ കുടിവെള്ള വിതരണം പദ്ധതി അപാകതകൾ | 1-19 |
| 30 | തെരുവ് വിളക്കുകൾ സ്ഥാപിക്കലും പരിപാലനവും - അപാകതകൾ | 1-20 |
| 31 | എഫ്.എച്ച്.സി. മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-21 |
| 32 | പിങ്ക് ഫിറ്റ്നസ്സ് സെന്റർ - പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-22 |
| 33 | ശുചിത്വവും സ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന- പ്രവർത്തനാവലോകനം | 1-23 |
| 34 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായില്ല . | 1-24 |

| | | |
|---|---|---|
| 35 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് ലാപ്ടോപ്പ് വാങ്ങൽ - കെൽട്രോണിൽ നിന്ന് ലാപ്ടോപ്പ് ലഭ്യമായിട്ടില്ല. | 1-25 |
| 36 | എസ്.എസ്.കെ വിഹിതം - വിനിയോഗ വിവരം ഇല്ല | 1-26 |
| 37 | വീട് വാസയോഗ്യമാക്കൽ- പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താവിനെ തെരഞ്ഞെടുത്തു | 1-27 |
| 38 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല | 1-28 |
| 39 | ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നില്ല | 1-29 |
| 40 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - അനർഹർ കൈപ്പറ്റുന്നില്ല എന്നത് ഉറപ്പു വരുത്തുന്നില്ല | 1-30 |
| 41 | കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയില്ല | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പഞ്ചായത്ത് ഓഫീസ് നവീകരണം - സിഡ്കോയ്ക്ക് അധികതുക നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" ആ രേഖപ്പെടുത്തിയ തുകയും (1,36,47,062) ഇതേ പത്രികയിലെ "Net Cash Generated B Operating+Investing+Financial Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയു (4,38,07,116) പൊരുത്തപ്പെടുന്നില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയു 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള ഫോറങ്ങളും ഭരണസമിതിയുടെ 31.05.2024 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 10.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തു വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 201 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡി വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഇ അക്കൗണ്ടുക® തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിലെ ഉത്തരവാദിത്തമാണ്. ഫിനാ® ഷ്യ® ഓഡിറ്റിനെ അടിസ്ഥാനമാക്കി ഇ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാ® ഡേ® ഡുക® പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാ® ഷ്യ® ഓഡിറ്റിന് വേണ്ടിയുള മാ® ഗ്ഗനി® ദ്ദേശങ്ങ® എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേ ഞാ® ഫിനാ® ഷ്യ® ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികക വസ്തുതാപരമായ തെറ്റുകളി® നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതി ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങ® മാ® ഗ്ഗനി® ദ്ദേശങ്ങ® ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികക വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റി® ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതു അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റി® ഉ® പ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർ ന® കുമെന്ന് ഞാ® വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയു അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാ® ഷ്യ® ഓഡിറ്റിന്റെ ഫലമായി എനിക ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കി വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോ® ട്ടിലെ എ നിരീക്ഷണങ്ങ® ക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോ® ട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തി അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ® ക വിധേയമായി, ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാ® ഷി ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയു സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

ഡെപ്യൂട്ടി ഡയറക്ട

സ്ഥലം : കോഴിക്കോട്
തീയതി:

## 1-1-2 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

തനത് ഫണ്ട് അക്കൗണ്ടിന്റെ 01.04.2023 മുതൽ 31.03.2024 വരെയുള്ള ബാ ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കി രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| Bank Account | Date | Transaction ID | Amount |
|---|---|---|---|
| Chelannur Service Co-Op Bank Own Fund (അക്കൗണ്ട് നം.3101000294) | 07.06.2023 | TT030329 | 8095 |
| | 19.07.2023 | CO300121 | 1000 |

മേൽ പിൻവലിക്കലുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്തതിന് കാരണ വ്യക്തമാക്കേണ്ടതാണ്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax O Residential Buildings(110100101), Property Tax On Non-Residenti Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2023 മുതൽ 31.03.202 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചതിൽ വസ്തു നികുതി ഇനത്തി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതി കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസ വരുത്തുന്നില്ല എന്ന് കണ്ടു. 2023-24 വർഷത്തിൽ 09.11.2023, 31.03.202 തീയതികളിൽ മാത്രമാണ് ഡിമാന്റ് എൻട്രികൾ വരുത്തിയത്.

## 1-1-4 വസ്തു നികുതി കുടിശ്ശിക കണക്കിൽ അപാകത

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുത ഇനത്തിലെ കുടിശ്ശിക 4,17,481 (NonResidential – Current 59639 + NonResidential Arrears 3,57,842) രൂപയാണ്. 2023-24 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Recievables For Property Tax On No Residential Buildings(Arrear) ഇനത്തിൽ 7193 രൂപ കളക്ഷൻ ഉണ്ട്. 2023-2 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിൽ Non Residential Buildings(Arrear ഇനത്തിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക തുകയായി 4,10,288 (4,17,481-7,193) രൂപ പകരം 4,17,481 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി കുടിശ്ശി കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

## 1-1-5 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല

Maintenance Fund ഉപയോഗിച്ച് റവന്യൂ ചെലവുകൾക്കായി പദ്ധത നടപ്പാക്കിയിട്ടുണ്ടെങ്കിലും Income & Expenditure Statement I-14(E) Maintenanc Project ഹെഡ്ഡിൽ ചെലവ് കാണിച്ചിട്ടില്ല.

## 1-1-6 ഇ-ടെണ്ടർ തുക തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ കക്കോടി ശാഖയിലെ 37300382086 നമ്പർ അക്കൌണ്ടിലാണ് ഇ-ടെണ്ടർ തുക നിക്ഷേപിക്കുന്നത്. ഇ-ടെണ്ട ഫീ തുക നാളിതുവരെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. 31.03.2024 ന് 3,51,322 രൂപയുടെ നീക്കിയിരിപ്പുണ്ടായിരുന്നു. ഈ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ ലഭി തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ അടവാക്ക അറിയിക്കേണ്ടതുമാണ്.

## 1-1-7 Capital Work In Progress(B-11(B)) ഷെഡ്യൂളിൽ പാർട്ട് ബില്ല് ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ പല പ്രവർത്തികൾക്കായ 10,25,794/- രൂപ പാർട്ട് ബിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ, വാർഷിക കണക്കിലെ Capital Work In Progress(B-11(B)) ഷെഡ്യൂളിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 വികസന ഫണ്ട്-സ്രോതസ്സിൽ നിന്നും വിനിയോഗിക്കുന്ന ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല

സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ(പ്രോജക്ട് ന 322, 314, 318, 323, 313, 319, 311, 316, 320, 312, 317, 321) സ്രോതസ്സിൽ നിന്ന ഫണ്ട് വിനിയോഗിക്കുന്ന ഇനത്തിൽ ഫണ്ട് വകയിരുത്തിയതായി കാണുന്നില്ല.

## 1-1-9 രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല

I) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 28,566 രൂപയുടെ സ്റ്റോർസ് 2023-24 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററി സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Ii) 2023-24 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-
പ്രകാരം Permit Fee For Construction Of Buildings ഇനത്തിൽ 30,33,638 രൂപയു
Fee For Building Regularisation ഇനത്തിൽ 20,12,996 രൂപയും കളക്ഷനുണ്ട്
എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീ
എന്നീ ഇനങ്ങളിലെ 2023-24 വർഷത്തെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

## 1-1-10 സി.എഫ്.സി ടൈഡ് ഫണ്ട് ചെലവ് - എ.സി.ആറിലെയും വാർഷിക കണക്കിലെയും പൊരുത്തപ്പെടുന്നില്ല

കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ്(ടൈഡ് ഫണ്ട് ) ചെലവ് എ.സി.ആർ, ഐ.കെ.എ
സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 18,61,556 രൂപയും വാർഷിക കണക്ക് പ്രകാരം 19,40,83
രൂപയുമാണ്. 79,278 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് 07.03.202
തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2023-24 വർഷതെ
പുതുക്കിയ ബജറ്റ് 06.02.2024 തീയതിയിലെ 2/1 നമ്പർ തീരുമാനപ്രകാരു
അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,52,37,149 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,84,40,017 |
| ആകെ | 11,36,77,166 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,47,92,955 |
| നീക്കിയിരിപ്പ് | 4,88,84,211 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,56,77,000 | 2,56,77,000 | 2,17,95,511 | 38,81,489 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,00,93,000 | 1,00,93,000 | 74,90,959 | 26,02,041 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- ടി.എസ്.പി | 0 | 2,62,000 | 2,62,000 | 1,88,549 | 73,451 |
| മെയിന്റനൻസ്, റോഡ് | 0 | 1,15,87,350 | 1,15,87,350 | 47,62,702 | 68,24,648 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 45,23,400 | 45,23,400 | 36,73,834 | 8,49,566 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 61,83,400 | 45,98,591 (42,52,000 + പലിശ 3,46,591) | 1,07,81,991 | 29,93,781 | 77,88,210 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് | 48,23,894 | 31,89,000 | 80,12,894 | 19,40,834 | 60,72,060 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് ചെലവ് വാർഷിക കണക പ്രകാരമുള്ളതാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ട്രഷറിയിൽ സമർപ്പിച്ച ബില്ലുക പാസ്സാകുന്ന മുറയ്ക്ക് എ.സി.ആറിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടിക ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 290 | 224460446 | 182 | 81495380 | -- | 108 | 62.7 % |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 11 | 8 | 31,19,716 | 22,42,329 | 71.87% |
| വെറ്ററിനറി സർജൻ | 8 | 8 | 25,48,000 | 17,94,450 | 70.42% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 16 | 13 | 73,22,772 | 41,50,332 | 56.67% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 3,94,000 | 3,59,313 | 91.19% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 9,13,000 | 9,13,000 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 123 | 57 | 4,74,24,943 | 1,42,40,604 | 30.02% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ 1 | 7 | 4 | 2,55,05,000 | 1,31,38,000 | 51.51% |
| വില്ലേജ് എകസ്റ്റൻഷൻ | 23 | 19 | 10,23,21,230 | 2,18,68,643 | 21.37% |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ 2 | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 14 | 98,67,040 | 79,60,851 | 80.68% |
| സെക്രട്ടറി | 55 | 35 | 1,68,27,378 | 98,17,994 | 58.34% |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 18,57,520 | 15,46,622 | 83.26% |
| അസി.സെക്രട്ടറി | 18 | 11 | 53,23,141 | 25,00,671 | 46.97% |
| ഹെഡ് മാസ്റ്റർ | 4 | 3 | 9,00,000 | 8,43,029 | 93.66% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1,36,706 | 1,19,542 | 87.44% |
| | 290 | 182 | 22,44,60,446 | 8,14,95,380 | 36.3% |

ഡി.പി.സി. അംഗീകാരം ലഭിച്ച 290 പ്രൊജക്ടുകളിൽ 182 എണ്ണം ഓഡിറ്റ് വർഷ നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 22,44,60,446/- രൂ വകയിരുത്തിയതിൽ 8,14,95,380/- രൂപ മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചത്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളു വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 53,04,000 | 457 |
| വിധവാപെൻഷൻ | 1,90,37,500 | 1758 |
| വാർദ്ധക്യകാലപെൻഷൻ | 4,08,47,600 | 4058 |
| വികലാംഗപെൻഷൻ | 48,98,600 | 434 |
| | | |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 27,34,600 | 248 |
| വിവാഹ ധനസഹായം | 1,50,000 | 5 |

## 1-7 ക്യാഷ് ബാലൻ സ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-07-2024 ന് രാവിലെ 10.45 ന് ഉത്തരവാദപ്പെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 360/ (മുന്നൂറ്റിഅറുപത്) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തന വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതി ഗ്രാമപഞ്ചായത്ത് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്ന

വിശദമായ ഓഫീസ് ഓർഡർ(ഉത്തരവ് നം.33/2023, തീ-01.11.2023 തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന പരിശോധന നടത്തിയിട്ടില്ല. 2023-24 സാമ്പത്തിക വർഷം 10 സ്റ്റാഫ് മീറ്റിംഗുകൾ (12.04.2023, 06.05.2023, 10.07.2023, 08.09.2023, 31.10.2023, 10.11.2023 27.11.2023, 13.02.2024, 01.03.2024, 12.03.2024) വിളിച്ച് ചേർത്തിട്ടുണ്ടെങ്കിലു ചർച്ചകളുടെയും യോഗ തീരുമാനങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്ത സൂക്ഷിക്കുന്നുണ്ട്. ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലേയു റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രിന്റെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായ പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ ഇനങ്ങളിലെ 2023-24 വർഷത്തെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. 21 വാർഡുകളിലെയു സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, ഇനം, ഏതൊക്കെ പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നിവ കാണിക്കുന്ന സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. പരാതി രജിസ്റ്ററിലും അപേക്ഷ/പരാതി ലഭിച്ച ശേഷമുള്ള തുടർനടപടി വിവരങ്ങൾ പൂർണ്ണമായു രേഖപ്പെടുത്തുന്നില്ല. വിവരാവകാശ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ക്യാഷ് കൈകാര്യം ചെയ്യുന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്.

## 1-9 ലൈസൻസ് - അപാകതകൾ

2023-2024 സാമ്പത്തിക വർഷം ലൈസ® സ് രജിസ്റ്റർ പരിശാധിച്ചതി® ചുവടെ ചേ® ക്കുന്ന ജിംനേഷ്യം ആ® ഡ് ഫിറ്റ്നസ് സെ® ്റ® , ഡ്രൈവിംഗ് സ്കൂ® സെ® ്റുക® ക്ക ലൈസൻസ് ന® കിയതായി കാണുന്നില്ല.

| ക്രമ നമ്പ® | സ്ഥാപനം | സ്ഥലം |
|---|---|---|
| 1 | Alpha Fitness Zone | 8/2 ചേളന്നൂർ |
| 2 | Aventus Health And Fitness | കുമാരസ്വാമി, ചേളന്നൂ® |
| 3 | സീതാറാം ഡ്രൈവിംഗ് സ്കൂ® | കുമാരസ്വാമി, ചേളന്നൂ® |

ഓഡിറ്റ് എ® ക്വയറി നം. 13/ 27-07-2024 മുഖേന പട്ടികയി® ന® കിയ സ്ഥാപനങ്ങ® ലൈസ® സ് എടുക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിൽ പ്രസ്തു സ്ഥാപനങ്ങ® പഞ്ചായത്ത് രാജ് ലൈസ® സ് അനുവദിക്കുന്നതിനുള്ള കച്ചവടങ്ങളു പട്ടികയി® പ്രതിപാദിക്കാതിരുന്നതിനാലാണ് ലൈസ® സ് എടുക്കാ പ്രവ® ത്തിക്കുന്നതിനു നടപടി സ്വീകരിക്കാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം പഞ്ചായത്ത് പരിധിയി പ്രവ® ത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസ® സ് എടുക്കേണ്ടതാണ്. ആയതിനാ പ്രസ്തുത സ്ഥാപനങ്ങളെ ലൈസ® സിന്റെ പരിധിയി® കൊണ്ട് വന്ന് ഓഡിറ്റി അറിയിക്കേണ്ടതാണ്

## 1-10 പാർക്കിംഗ് സൗകര്യം ഉറപ്പുവരുത്താതെ കെട്ടിടനമ്പർ അനുവദിച്ചു

ഫയ® നമ്പ® - 211/ 2023- 24

പത്താം വാ® ഡി® സ്ഥിതിചെയ്യുന്ന ശ്രീമതി സുഗുണവല്ലി എന്നവരു ഉടമസ്ഥതയിലുള്ള 377 C മുതൽ J വരെയുള്ള വാണിജ്യ കെട്ടിടം 27.07.202 തീയതിയിൽ ഓവർസിയറുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിൽ, പ്ളാനി പാ® ക്കിങ് ഏരിയ ആയി കാണിച്ചിട്ടുള്ള സ്ഥലം മേൽ കെട്ടിടത്തിന്റെ പിൻഭാഗത്താ സ്ഥിതി ചെയ്യുന്ന, ടിയാന്റെ തന്നെ ഉടമസ്ഥതയിലുള്ള പാ® പ്പിട കെട്ടിടത്തിലേക്കു വഴിയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതായി കണ്ടു. കൂടാതെ കെട്ടിടത്തി പി® ഭാഗത്തായി കെട്ടിടത്തോട് ചേ® ന്ന് ഷീറ്റ് കൊണ്ട് അനധികൃതമായി ഒരു മുറി നി® മ്മിച്ചിട്ടുണ്ട്. പാ® ക്കിങ്ങിനായി നിയമാനുസൃതം സ്ഥലം നല്കിയിട്ടുണ്ടെ ഉറപ്പുവരുത്താതെ കെട്ടിടനമ്പർ നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് (No.21/23-24 തീ. 29.07.2024) മറുപടി ലഭ്യമായിട്ടി അനധികൃതനി® മ്മാണം നീക്കം ചെയ്യുന്നതിനുള്ള നടപടിക® സ്വീകരി അറിയിക്കേണ്ടതാണ്.

## 1-11 അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിച്ചില്ല.

4093 /23 നമ്പർ ഫയൽ പരിശോധിച്ചതി® ഷറഫുദ്ദീ® ഈങ്ങാട്ട് ,പാലത്ത എന്നിവരുടെ ഉടമസ്ഥതയിലുള്ള 140 $M^2$ വിസ്തീ® ണ്ണം ഉള്ള 'നാഷണ® ട്രേഡേഴ്സ്' എ കെട്ടിടത്തോട് ചേ® ന്ന് ഇരിങ്ങാടൻ ട്രേഡേഴ്സ് എന്ന പേരി® അനധികൃത കെട്ടി പ്രവ® ത്തിക്കുന്നതായി റിപ്പോ® ട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം 27.07.202 തീയതിയിൽ സ്ഥല പരിശോധന നടത്തിയതിൽ നാഷണ® ട്രേഡേഴ്സിന്റെ മു® വശ ഗ്രി® ഉപയോഗിച്ച് അധിക നി® മാണം നടത്തിയിട്ടുള്ളതായും, ഇരിങ്ങാട® ട്രേഡേ എന്ന കച്ചവടസ്ഥാപനം പ്രവ® ത്തിക്കുന്നതായും, കെട്ടിടങ്ങളുടെ പി® ഭാഗത്തുള്ള സ്ഥല

ഷീറ്റിട്ട്, സാധനങ്ങ® സ്റ്റോക്ക് ചെയ്യാനായി ഉപയോഗിക്കുന്നതായും കണ്ടു. 19-04-202 തീയതിയി® പ്രസ്തുത അനധികൃത നി®മ്മാണം റിപ്പോ®ട്ട് ചെയ്തിട്ടുണ്ട്. അനധികൃ നിർമ്മാണം പൊളിച്ചു മാറ്റണമെന്നാവശ്യപ്പെട്ട് 17.06.2023 തീയതിയിൽ കെട്ടിട ഉടമ നോട്ടീസ് നൽകുകയും ആയതിന് മറുപടിയായി ഡാറ്റാബാങ്കിൽ ഉൾപ്പെട്ട സ്ഥലം തര മാറ്റുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്നത് വരെ പഞ്ചായത്ത തുടർ നടപടികൾ സ്വീകരിക്കരുത് എന്നും കെട്ടിട ഉടമ അപേക്ഷിച്ചിട്ടുണ്ട്. മേ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് ഓഫീസ് നവീകരണം - സിഡ്കോയ്ക്ക് അധികതുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 197/24

അടങ്കൽ - 2,49,000/-, തനത് ഫണ്ട്

ചെലവ് തുക - 2,44,345/-, ബിൽ നം. 273/5.1.24

പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തികൾക്കായി SIDCO യിര നിന്ന് 2,44,345 രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാകുകയും ആയര 20.3.23 തീയതിയിലെ 2/12 നം. തീരുമാനം പ്രകാരം ഭരണസമിര അംഗീകരിക്കുകയും ചെയ്തു. L Shape Table, Revolving Chair തുടങ്ങി ഫർണ്ണീച്ചറുകളും Painting, Cabling, False Ceiling തുടങ്ങി പ്രവൃത്തികളുമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തികൾ പൂർത്തീകരി നം.KKD/23-24/44 തീയതി 31.8.23 പ്രകാരമുള്ള ഇൻവോയ്സിെ അടിസ്ഥാനത്തിൽ 2,44,345 രൂപ സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. Fals Ceiling പ്രവൃത്തിക്ക് സ്ക്വയർ ഫീറ്റിന് 87 രൂപയാണ് പ്രൊഫോർ ഇൻവോയ്സിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തു നൽകിയപ്പോൾ സ്ക്വയർ ഫീറ്റിന് 100 രൂപ നിരക്കിൽ അനുവദിച്ചതിനാ 8,406 രൂപ സിഡ്കോയ്ക്ക് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ചു കൂടുതൽ വിശദാംശങ്ങൾക്കായി ഖണ്ഡിക 3-1 കാണുക.

## 1-13 അതിയാനത്തിൽ താഴം ചെറുവോട്ട് റോഡിന് ഡ്രെയിനേജ് നിർമ്മാണം - ബെഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 235/24

അടങ്കൽ - 5,00,000/-, സംരക്ഷണഗ്രാന്റ്(റോഡ്)

ചെലവ് തുക - 5,00,000/-, ബിൽ നം. 276/5.1.2024

കരാറുകാരൻ - റിജു.എം.വി

മേൽ പ്രവൃത്തിയിൽ ഡ്രെയിനേജിന്റെ ബെഡ് കോൺക്രീറ്റിനായ ഉപയോഗപ്പെടുത്തിയിരിക്കുന്നത് ഐറ്റം 11.4.1.1 ആണ്. പ്രവൃത്തിയുട അളവുപുസ്തകം പരിശോധിച്ചതിൽ ഐറ്റം 3.5.1 പ്രകാരം മണ്ണെടുത്ത അതേ നീളത്തിലും, വീതിയിലുമാണ് ബെഡ് കോൺക്രീറ്റ് നടന്നിട്ടുള്ളത് എന്ന് കാണുന്നു. അതുകൊണ്ടു തന്നെ ഈ പ്രവൃത്തിയിൽ ഫോംവർക്ക് ചെയ്യേണ്ട വന്നിട്ടില്ല. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഐറ്റം 11.4.1.1 ന്റെ നിരക്കിൽ ഫോംവർക്കിനായുള്ള 4% തുക കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ മനസ്സിലാകുന്നു. ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോംവർക്കിനുള നിരക്കുൾപ്പെടുത്തിയതിനാൽ താഴെ പറയും പ്രകാരം 3,199 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

| ഇനം/ എസ്റ്റിമേറ്റ് നിരക്ക് | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | ചെയ്ത അളവ്/ നൽകിയ തുക | ഫോംവർക്ക് ഒഴിവാക്കി നൽകാവുന്ന തുക | 4% അധികതുക |
|---|---|---|---|---|
| 11.4.1.1<br>7841.68/M3 | 8625/M3 | 8.550 X 8625 = 73743.75 രൂപ<br>Excess Quantity- 1.096 X 8613.30 =9440.18 രൂപ<br>ആകെ - 83183.93രൂപ | 8.550 X 8293.27 = 70907.46 രൂപ<br>Excess Quantity- 1.096 X 8282.02 = 9077.09 രൂപ<br>ആകെ - 79984.55രൂപ | 3,199.38 |

ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോംവർക്കിനുള നിരക്കുൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/26.7.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-14 ജലസംരക്ഷണപ്രവൃത്തികൾ ഏറ്റെടുക്കൽ - MORD ലെ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി**

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 206/24, ജലസംരക്ഷണപ്രവൃത്തികൾ ഏറ്റെടുക്കൽ

അടങ്കൽ - 8,43,874/-, സംസ്ഥാനാവിഷ്കൃത ഫണ്ട്

ചെലവ് തുക - 6,14,522/-, ബിൽ നം. 17/2.6.23

കരാറുകാരൻ - സുനിൽ.ഇ

2021-22 വർഷത്തിൽ രൂപീകരിച്ച് സ്പിൽ ഓവർ ആയി 2023-24 വ പൂർത്തീകരിച്ചതാണ് മേൽ പദ്ധതി. തോടിന്റെ സൈഡ് കരിങ്കല്ല് ഉപയോഗിച്ച് കെട്ടി സംരക്ഷിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പ്രവൃത്ത നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഡി.ആർ. ഫൗണ്ടേഷൻ ചെയ്യുന്നതിന മണ്ണെടുക്കൽ, മിഡിൽ ബെൽറ്റ്, ടോപ്പ് ബെൽറ്റ് എന്നീ പ്രവൃത്തികൾക്കായ ഉൾപ്പെടുത്തിയത് MORDലെ ഇനങ്ങളായ 3.5.1, 12.5.3, 12.5.1.1 എന്നിവയു കരിങ്കല്ല് ഉപയോഗിച്ച് സൈഡ് കെട്ടുന്നതിന് MORD ലെ തന്നെ ഒബ്സേർവ്ഡ് ഡാറ്റയുമാണ്. മേൽ പ്രവൃത്തികൾക്ക് താരതമ്യേന നിരക്ക കുറഞ്ഞ DSR ലെ ഇനങ്ങളായ 2.6.1, 4.1.3, 60.7.1 എന്നീ ഇനങ്ങൾ ഉപയോഗിക്കാമെന്നിരിക്കേ കൂടിയ നിരക്കുള്ള MORD ലെ ഇനങ്ങൾ ഉപയോഗപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

2. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റ പരിശോധിച്ചാ കരാറുകാരന്റെ ലാഭവിഹിതം, ഓവർഹെഡ് ചാർജ് എന്നിവ 15% നൽകേണ്ടതിന് പകരം റോഡ് പ്രവൃത്തികൾക്ക് നൽകുന്ന 20% കരാറുകാര അനുവദിച്ചു.

മേൽ അപാകതകൾക്ക് മറുപടി നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡി എൻക്വയറിയ്ക്ക് (നം.7/26.7.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**<u>1-15 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്</u>**

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ കോൺക്രീറ്റിനായ ഉൾപ്പെടുത്തിയിരിക്കുന്ന ഇനം മോർഡിലെ 75.8.1 ആണ്. ഈയിനത്തിന ഡാറ്റ പരിശോധിച്ചതിൽ ഫോംവർക്കിനായുള്ള 4% തുക കൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാകുന്നു. 2023-24 വർഷത്തിൽ പൂർത്തിയാക്കി വിവിധ റോഡ് പ്രവൃത്തികൾ 26.7.2024ന് ഓവർസീയറുടെ സാന്നിധ്യത്തി

സന്ദർശിക്കുകയുണ്ടായി. റോഡിന്റെ ഇരു വശവും മതിലായതിനാലും ലഭ്യമാ മുഴുവൻ വീതിയിലും പ്രവൃത്തി ചെയ്തതിനാലും കോൺക്രീറ്റിനായി ഫോംവർക്ക ചെയ്യേണ്ടി വന്നിട്ടില്ല എന്ന പരിശോധനയിൽ ബോധ്യപ്പെട്ടു. ഫോം വർക്ക ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലും 4% തുക ഫോം വർക്കിനായ ഉൾപ്പെടുത്തിയതിനാൽ താഴെ പറയും പ്രകാരം 27,112 രൂപ കരാറുകാർക്ക അധികം നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നം./ പേര് | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | ചെയ്ത അളവ്/ നൽകിയ തുക | ഫോംവർക്ക് ഒഴിവാക്കി നൽകാവുന്ന തുക | 4% അധികതുക |
|---|---|---|---|---|
| 133/24 – കുറ്റിപ്പുറത്ത് AKKR ഹൈസ്കൂൾ നടപ്പാത കോൺക്രീറ്റ് അടങ്കൽ - 2,20,000, തനത്ഫണ്ട് ചെലവ് - 202691, 447/22.3.24 കരാറുകാരൻ - റിതു.എം.വി | 8350/M3 | 18.771 X 8350= 1,56,737.85 രൂപ | 18.771 X 8029= 1,50,712.36 രൂപ | 6,025.49/- |
| 156/24 – തലപ്പാട്ട് വയൽ | 9150/M3 | 20.670 X 9150= | 20.670 X 8798= | 7,275.84/- |

| | | | | |
|---|---|---|---|---|
| മനയിൽ താഴം നടപ്പാത അടങ്കൽ - 2,20,000, തനത്ഫണ്ട് ചെലവ് - 2,20,000, 443/22.3.24 കരാറുകാരൻ - ശശിധരൻ.പി | | 1,89,130.50 രൂപ | 1,81,854.66 രൂപ | |
| തൈന്നൂര് - തിരുവോത്ത് കണ്ടി റോഡ് അടങ്കൽ - 3,00,000, തനത്ഫണ്ട് ചെലവ് - 292096, Ch No. 9724186/3.7.23 കരാറുകാരൻ - റിതു.എം.വി | 8358.30/M3 | 24.098 X 8358.30= 2,01,418.31 രൂപ | 24.098 X 8036.82= 1,93,671.28രൂപ | 7,747.03/- |

| | | | | |
|---|---|---|---|---|
| നടുവിലായിൽ പാലക്കോട്ട് താഴം നടപ്പാത അടങ്കൽ - 2,00,000, തനത്ഫണ്ട് ചെലവ് - 199550, 444/22.3.24 കരാറുകാരൻ - റിജു.എം.വി | 8350/M3 | 18.891 X 8350= 1,57,739.85 രൂപ | 18.891 X 8029= 1,51,675.84 രൂപ | 6,064.01/- |
| | ആകെ | | | 27112.37/- |

ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിൽ ഫോംവർക്കിനുള നിരക്കുൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം.8/26.7.24) മറുപടി നൽകിയിട്ടില്ല. അധികമായ കരാറുകാരന് അനുവദിച്ച തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണം നടത്തുന്നതിനായ രൂപീകരിച്ചിട്ടുള്ളത് 123 പദ്ധതികളാണ്. പദ്ധതികളുടെ വിശദാംശം ചുവ കൊടുക്കുന്നു,

| | |
|---|---|
| ആകെ പദ്ധതികൾ | 123 |
| പുതിയ പദ്ധതികൾ | 81 |
| ചെലവുണ്ടായ പദ്ധതികൾ | 26 |
| സ്പിൽഓവർ പദ്ധതികൾ | 42 |
| ചെലവുണ്ടായ സ്പിൽഓവർ പദ്ധതികൾ | 31 |
| ആകെ വകയിരുത്തിയ തുക | 4,74,24,943/- |

| | |
|---|---|
| ചെലവഴിച്ച തുക | 1,42,40,604/- |
| ചെലവ് ശതമാനം | 30% |

മേൽ പട്ടിക പരിശോധിച്ചാൽ സാങ്കേതിക വിഭാഗം നടപ്പാക്കുന പദ്ധതികളുടെ ബാഹുല്യവും, ഇവ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ തുടർവർഷത്തേയ്ക്ക് സ്പിൽ ഓവർ പദ്ധതികളാകുന്ന അവസ്ഥയും വ്യക്തമാകുന്ന മുകളിൽ വിവരിച്ച രീതിയിൽ പ്രോജക്ടുകളുടെ ബാഹുല്യം താഴെ പറയുന അപാകതകൾക്ക് വഴിവച്ചിട്ടുണ്ട്.

1. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകുന്നില്ല

പ്രോജക്ടുകളുടെ ബാഹുല്യം യഥാസമയം എസ്റ്റിമേറ്റുകൾ തയ്യാറാക സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തടസ്സമുണ്ടാക്കുന്നു. ഇതുമൂലം പ്രസ്തു സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനാകാതെ വരികയും, ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹണം വൈകുന്നത് അതതു വർഷത്തേയ്ക്ക് ലഭിച്ച ഫണ്ടുകളു പാഴാക്കലിന് കാരണമാകുകയും ചെയ്യുന്നു. ഈ പ്രവൃത്തികളുടെ ചെലവു തുകയ് തുടർവർഷത്തെ ഫണ്ട് വിനിയോഗിക്കേണ്ടി വരുന്നത് തുടർവർഷത്തെ വികസന പ്രവർത്തനങ്ങളേയും ദോഷകരമായി ബാധിക്കുന്നു.

2. പ്രവൃത്തികളുടെ മേൽനോട്ടം/മോണിറ്ററിംഗ് ഫലപ്രദമായി നടത്താനാകുന്നില്ല

പ്രോജക്ടുകളുടെ ബാഹുല്യം പ്രോജക്ടുകളുടെ ഫലപ്രദമാ മേൽനോട്ടത്തിന് തടസ്സമാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ഒരു അസിസ്റ്റ എഞ്ചിനീയറും 2 ഓവർസിയർമാരുമാണ് നിലവിലുള്ളത്. പദ്ധതികളു ബാഹുല്യം കാരണം സാങ്കേതിക വിഭാഗത്തിന് എല്ലാ സൈറ്റുകളിലും മുഴുവ സമയം മേൽനോട്ടം സാധ്യമാകുന്നില്ല. ഇത് പ്രവൃത്തികളുടെ ഗുണനിലവാ കുറവിന് കാരണമാകുന്നു.

3. ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്നു

സമഗ്രമായി പദ്ധതികൾ രൂപീകരിക്കാതെ തുടർച്ചയായ വർഷങ്ങളിൽ ഒരേ റോഡിൽ/കെട്ടിടത്തിൽ വ്യത്യസ്ത പദ്ധതി രൂപീകരിക്കുന്നതുമൂല പ്രോജക്ടുകളുടെ ഡാറ്റാ എൻട്രി മുതൽ ടെണ്ടർ വരെയുള്ള വിവി നടപടികൾക്കായി സാങ്കേതിക വിഭാഗത്തിന്റെ മനുഷ്യാധ്വാനം കൂട്ടുന്നതിന് കാരണമാകുന്നു. 2023-24 വർഷം ഒരേ റോഡിൽ/കെട്ടിടത്തിന് വേണ ഒന്നിലധികം പ്രൊജക്ടുകൾ തയ്യാറാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

1. നടുവിലായിൽ – പാലക്കോട്ട് താഴം നടപ്പാത – പ്രൊജക്ട് നമ്പറുക -135/24, 298/24

2. തൈനൂര് - തിരുവോത്ത് കണ്ടി റോഡ് - പ്രൊജക്ട് നമ്പറുകൾ – 198/24 300/24

3. ചിറ്റടിമുക്ക് ചുണ്ടിക്കാട്ടിൽ റോഡ് – പ്രൊജക്റ്റ് നമ്പറുകൾ – 219/24, 223/24

4. പഞ്ചായത്ത് ഓഫീസ് നവീകരണം – പ്രൊജക്റ്റ് നമ്പറുകൾ - 197/24, 276/24, 303/24

പദ്ധതികൾ യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച്, സമഗ്രതയോടെ തയ്യാറാക്കേണ്ടത് സുതാര്യവും, ഫലപ്രദവുമായ പദ്ധതി നിർവ്വഹണത്തിന് അത്യാവശ്യമാണ്. ഇതിനായി പദ്ധതികൾ ചെറിയ അടങ്കലിൽ തയ്യാറാക്കുന്നത് ഒഴിവാക്കി ഗ്രാമപഞ്ചായത്തിന്റെ ആകെ ആവശ്യങ്ങളെ മുന്നിൽ കണ്ട് വലിയ അടങ്കലിൽ തയ്യാറാക്കുകയോ ബഹുവർഷ പ്രോജക്ടുകളാക്കുകയോ ചെയ്യാവുന്നതാണ്. പ്രൊജക്റ്റ് രൂപീകരണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/26.7.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-17 ബഡ്സ് സ്കൂൾ ജീവനക്കാർക്ക് അർഹതപ്പെട്ട വേതനം നൽകിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 122/24 (ബഡ്സ് സ്കൂൾ പ്രവർത്തകർക്ക് ഓണറേറിയം) |
| പദ്ധതി അടങ്കൽ | 1,80,000/- (വികസന ഫണ്ട്) |
| ചെലവ് | 1,44,000/- |
| ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | തുക |
| 113/2.9.2023 | 54,000/- |
| 298/16.1.2024 | 90,000/- |
| നിർവ്വഹണം | അസി. സെക്രട്ടറി |

41 പഠിതാക്കളുടെ ക്ഷേമത്തിനായി ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വളരെ നല്ല രീതിയിൽ തന്നെ പ്രവർത്തിക്കുന്ന ഒരു ബഡ്സ് സ്കൂൾ നിലവിലുണ്ട്. 41 പേരുടെ പകൽ സമയ സംരക്ഷണത്തിന് ഒരു ടീച്ചറും ഒരു ആയയുമാണ് ജീവനക്കാരായി പ്രസ്തുത സ്ഥാപനത്തിലുള്ളത്. സ.ഉ. (കൈ) നം. 115/2022/തസ്വഭ തിയ്യതി 28.5.2022 നമ്പർ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി സ്ഥാപിക്കപ്പെ ബഡ്സ് സ്കൂളുകളിലെ സ്പെഷ്യൽ ടീച്ചർക്ക് പ്രതിമാസം 32,560/- രൂപയും ആയക്ക് പ്രതിമാസം 18,390/- രൂപയും ഓണറേറിയമായി അനുവദിക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിലെ ജീവനക്കാർക്ക് മേൽ പദ്ധതി പ്രകാര

വികസന ഫണ്ട് വകയിരുത്തി നൽകിയിരിക്കുന്നത് ടീച്ചർക്ക് പ്രതിമാസം 12,000/- രൂപ തോതിലും ആയക്ക് പ്രതിമാസം 6,000/- രൂപ തോതിലും മാത്രമാണ്. 2022-23 വർഷ വരെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചു കൊണ്ടിരുന്ന വിഹിതം കൂട ഉപയോഗപ്പെടുത്തി അഡീഷണൽ ഓണറേറിയമായി നൽകി സർക്കാർ നിർദ്ദേ പ്രകാരമുള്ള മുഴുവൻ വേതനം അനുവദിച്ചിരുന്നു. 1998 മുതൽ പ്രവർത്തനം തുടങ്ങിം സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ നീതി വകുപ്പിര അപേക്ഷ സമർപ്പിച്ചപ്പോൾ ജില്ലാ സാമൂഹ്യ നീതി ഓഫീസർ സ്ഥാപനം സന്ദർശിക്കുകയു സ്പെഷ്യൽ സ്കൂൾ വിഭാഗത്തിൽ 18 വയസ്സിനു താഴെ പ്രായമുള്ള 2 കുട്ടികം മാത്രമാണുള്ളത് എന്ന കാരണത്താൽ അപേക്ഷ നിരസിക്കുയും ചെയ്തു. തുടർന്ന് സ്ഥാപന സാമൂഹ്യനീതി ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 25.8.2023 ( ഒരു ഓൺ ലൈൻ മീറ്റിംഗ് ചേർന്നതിൽ സ.ഉ.(എം.എസ്.)നം.1562/09/തസ്വഭ തിയ്യതി 1.8.2009 ഉത്തരവിലെ 18 വയസ്സിൽ താഴെ 20 കുട്ടികൾ വേണം എന പരാമർശം പുനഃ പരിശോധിക്കുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസം അയച്ചിട്ടുണ്ടെന്നും ആയത് ഉത്തരവാകുന്ന മുറക്ക് ഇത്തരം അപേക്ഷകം പരിഗണിക്കുന്നതാണെന്നും ഡയറക്ടർ അറിയിക്കുകയുണ്ടായി. രജിസ്ട്രേഷൻ പുതുക്ക ലഭിക്കാത്തതിനാൽ തുടർന്നുള്ള അലോട്ട്മെന്റുകൾ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന നിലച്ചു. അതിനാൽ 2023-24 വർഷം സ്ഥാപനത്തിലെ ജീവനക്കാർക്ക് സർക്കാ നിർദ്ദേശപ്രകാരമുള്ള അർഹതപ്പെട്ട വേതനം നൽകാതെ പഞ്ചായത്ത് പദ്ധ രൂപീകരിച്ച് നൽകിയ ഓണറേറിയം (പ്രതിമാസം 12000/-രൂപ തോതിൽ ടീച്ചർക്ക 6000/- രൂപ തോതിൽ ആയയ്ക്കും) മാത്രമാണ് ലഭിച്ചത്. സമൂഹത്തിൽ ഏറ്റവും പരിഗണം അർഹിക്കുന്ന മേൽ വിഭാഗത്തിൽപ്പെട്ട 41 പേരുടെ സംരക്ഷണം നോക്കി നടത്തുന്ന മേ പറഞ്ഞ 2 ജീവനക്കാർക്ക് അവർക്ക് അർഹതപ്പെട്ട വേതനം അനുവദിക്കാത്ത ശരിയായ നടപടിയല്ല. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെ താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

- പഞ്ചായത്തിന്റെ കണക്കു പ്രകാരം മുൻവർഷങ്ങളിലായി പൊതു വിദ്യാഭ്യാസ വകുപ്പിര നിന്നും ബഡ്സ് സ്കൂൾ പ്രവർത്തനത്തിനായി ലഭിച്ച തുകയിൽ വിനിയോഗിക്കാം 9,59,320/- രൂപ അവശേഷിക്കുന്നുണ്ട്. 2023-24 വർഷത്തേക്ക് ഓണറേറിയ ഇനത്തിൽ 2 ജീവനക്കാർക്ക് നൽകാൻ ബാക്കിയുള്ളത് ടീച്ചർക്ക് 2,46,720/- രൂപയു (32,560 – 12,000 = 20,560/- X 12) ആയക്ക് 1,48,320/- രൂപയും (18,390 – 600 = 12,390 X 12) ഉൾപ്പെടെ ആകെ 3,95,040/- രൂപയാണ്. നീക്കിയിരിപ്പ് 9,59,320 രൂപ ഉണ്ടായിരുന്നിട്ടും ബാക്കി തുക അനുവദിച്ചില്ല.
- 22-27 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തയ്യാറാക്കിയ അവസ്ഥ രേഖയിൽ ബഡ്സ് സ്കൂളിനെ പറ്റിയോ അവിടുത്തെ ജീവനക്കാരെ പറ്റിയോ കാര്യമാ പരാമർശങ്ങളൊന്നും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ബഡ്സ് റീഹാബിലിറ്റേഷ സെന്റർ പ്രവർത്തിക്കുന്നുണ്ട് എന്ന് അതിൽ പറഞ്ഞിട്ടുണ്ടെങ്കിലും മറ്റ് കാര്യങ്ങളൊന്ന ഉൾപ്പെടുത്തിയിട്ടില്ല. ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ എവിടെയാണ് സ്ഥിര ചെയ്യുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 27.7.2024 ന് നൽകി 19ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബഡ്സ് സ്കൂ ജീവനക്കാർക്ക് അവരുടെ യോഗ്യതയെ അടിസ്ഥാനമാക്കി അർഹതപ്പെട്ട മുഴുവ ആനുകൂല്യങ്ങളും നൽകാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-18 പകൽ വീട് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 185/24 (ഓൾഡ് ഏജ് ഹോം ഫർണിച്ചർ |
| പദ്ധതി അടങ്കൽ | 2 ലക്ഷം രൂപ (വികസന ഫണ്ട്) |
| ചെലവ് | 1,70,325/- രൂപ |
| ബിൽ നമ്പർ/ തിയ്യതി | 512/25.3.2024 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

പഞ്ചായത്ത് പുതുതായി നിർമ്മാണം പൂർത്തിയാക്കിയ പകൽ വീട്ടിലേക്ക് മേ പദ്ധതി പ്രകാരം 1,70,325/- രൂപ ചെലവഴിച്ച് ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം തുറന്ന പ്രവർത്തിക്കാത്തതു സംബന്ധി മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിനെ തുടർന്ന് 14.7.2024 പകൽവീടിന്റെ ഉദ്ഘാടനം കഴിഞ്ഞു. എന്നാൽ ഉദ്ഘാടനം കഴിഞ്ഞിട്ടും 29.7.202 വരെയും കെട്ടിടം തുറന്ന പ്രവർത്തിച്ചിട്ടില്ല. ഫർണിച്ചറുകൾ വാങ്ങിയതിന്റെ കൂടെ ഒ വാട്ടർ പ്യൂരിഫയർ കൂടി വാങ്ങിയിട്ടുണ്ടെങ്കിലും ആയത് ഫിറ്റ് ചെയ്യാതെ ബോക്സിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. പകൽവീടിന്റെ പ്രോജക്ട് റിപ്പോർട്ടിൽ സ്ഥാപനം ഏ രീതിയിലാണ് പ്രവർത്തിക്കേണ്ടത് എന്നതു സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. പകൽ വീ നിർമ്മിക്കാൻ വേണ്ടി തെരഞ്ഞെടുത്ത സ്ഥലവും വയോജനങ്ങൾക്ക് എത്തിപ്പെടാ ബുദ്ധിമുട്ടുള്ള പ്രദേശമാണ്. കുത്തനെയുള്ള കയറ്റത്തോടുകൂടിയ ഒരു റോഡു മാർഗ്ഗമാണ കെട്ടിടത്തിലേക്കുള്ളത്. പകൽ വീടിന്റെ തുടർ പ്രവർത്തനങ്ങൾ ഏതു രീതിയിലാണ നടത്താൻ ഉദ്ദേശിക്കുന്നത് എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും ഉദ്ഘാടനം കഴിഞ്ഞിട്ടും പകൽ വീട് പ്രവർത്തന ആരംഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. 1,70,325/- രൂപയുടെ ചെല തടസ്സത്തിൽ വെക്കുന്നു. പകൽ വീട് പ്രവർത്തനം ആരംഭിച്ച് വിവര അറിയിക്കേണ്ടതാണ്.

## 1-19 വരൾച്ചാ കുടിവെള്ള വിതരണം പദ്ധതി അപാകതകൾ

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് : വരൾച്ചാ കുടിവെള്ള വിതരണം

പ്രൊജക്ട് നമ്പർ : 37/23-24

| ഫണ്ട് | വികസന ഫണ്ട് -ജനറൽ | തനത് ഫണ്ട് |
|---|---|---|
| അടങ്കൽ | 4,00,000 | 8,00,000 (ആകെ 12,00,000) |
| ചെലവ് | 4,00,000<br>(ബിൽ നം. 109/ 26.08.2023) | 8,00,000<br>(ബിൽ നം. 110/ 26.08.2023) |

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമാ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 06.03.23 ലെ സർക്കാർ ഉത്തര (സാധാ)564/2023/ത.സ്വ.ഭ.വ. പ്രകാരം 2023 വർഷത്തിൽ മാർച്ച് മാസം മുതൽ മെ

മാസം വരെയും 02.06.23 ലെ സ.ഇ(സാധാ)നം.1153/2023/LSGD ഉത്തരവ് പ്രകാര ജൂൺ മാസം മുതൽ മഴ ലഭിക്കുന്നതു വരെയും കുടിവെള്ള വിതരണത്തിനായി സർക്കാ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വരൾച്ച മൂലം രൂക്ഷമാ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള വിതരണം നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെ ശ്രീ. റഹീസ്.പി.കെ എന്നവരുടെ കിലോമീറ്ററിന് 95/- രൂപ നിരക്കിലുള്ള ടെണ്ട അംഗീകരിക്കുകയും (31.03.2023 ലെ 3/1 നമ്പർ ഭരണ സമിതി തീരുമാനം ) പ്രസ്തു നിരക്കിൽ 2023-24 വർഷത്തെ കുടിവെള്ള വിതരണം ഏറ്റെടുത്ത് നടപ്പാക്കുകയു ചെയ്തിട്ടുണ്ട്. KL 76 A 3404, KL 56 U 3951എന്നീ രണ്ടു വാഹനങ്ങളിൽ 06.04.2 മുതൽ 14.06.23 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിൽ 14,219 കി.മീറ്റർ പരിധിയിൽ കുടിവെള്ളം വിതരണം ചെയ്തതിന് 12,00,000 കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**I)ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള വിതരണംനടത്തി**

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ള ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫു സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 201 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണ ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനാ ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഇ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേക ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പ രേഖപ്പെടുത്തണം. എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ള വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധ നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടി കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി KL 76 A 3404, KL 56 U 395 എന്നീ രണ്ടു വാഹനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർ നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധി. പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

**Ii) ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ ജീവനക്കാർ കുടിവെള്ള വിതരണ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല**

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.04.2023 ലെ 400975/DPDS03/General/2023/3301/(2) നടപടിക്രമം പ്രകാരം 2023-24 വർഷത്തെ കുടിവെള്ള വിതരണം പ്രവർത്തിയുമായി ബന്ധപ്പെട്ട് മുഴുവൻ വാർഡുകളിലും കുടിവെള

വിതരണം നടത്തുന്ന വാഹനങ്ങളിൽ യാത്ര ചെയ്ത് കുടിവെള്ള വിതരണം സംബന്ധി മേൽനോട്ടം വഹിക്കുന്നതിനും മുഴുവൻ വാർഡുകളിലും കുടിവെള്ള വിതരണം സുഗമമാ നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും താഴെ കാണിച്ചിരിക്കുന്ന ജീവനക്കാർക്ക് ചുമത നൽകിയിരുന്നു.

| ക്രമ നം | പേര്, ഉദ്യോഗപ്പേര് | ചുമതലയുള്ള വാർഡ് |
|---|---|---|
| 1 | ശ്രീ. മുഹമ്മദ്.എ.പി, പി.ടി.എസ് | 1,2,3,4,5,6,7,8 |
| 2 | ശ്രീ. രാജൻ ബാബു, പി.ടി.എസ് | 16,17,18,19,20,21 |
| 3 | ശ്രീ. രാധാകൃഷ്ണൻ, പി.ടി.എസ് | 9,10,11,12,13,14,15 |

പ്രസ്തുത ജീവനക്കാർ കുടിവെള്ള വിതരണം ആവശ്യമുള്ള അതാത് വാർഡുകളില സ്ഥലങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തി ഡ്രൈവർക്ക് ആവശ്യമായ നിർദ്ദേശ നൽകണമെന്നും വാർഡിലെ ഗുണഭോക്താക്കൾക്ക് 2 ഇടവിട്ട ദിവസങ്ങളിൽ നിശ്ചി അളവ് (ഒരു കുടുംബത്തിന് 100 ലിറ്റർ) മാത്രമേ വിതരണം ചെയ്യുന്നുള്ളുവെന ഉറപ്പുവരുത്തേണ്ടതും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വിവിധ വാർഡുകളിൽ 2023-24 വർഷത്തെ കുടിവെള്ള വിതരണം നടത്തിയ KL 76 A 3404, KL 56 U 3951എന്നീ വാഹനങ്ങളു 06.04.23 മുതൽ 14.06.23 വരെയുള്ള ട്രിപ്പ് ഷീറ്റുകളിലും ലോഗ്ബുക്കിലും ഗ്രാമപഞ്ചായത്ത ചുമതലപ്പെടുത്തിയ ജീവനക്കാർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡി എൻക്വയറിക്ക് (നം.15/23-24, തീ-27.07.2024) മറുപടി ലഭ്യമാക്കിയിട്ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## <u>1-20 തെരുവ് വിളക്കുകൾ സ്ഥാപിക്കലും പരിപാലനവും - അപാകതകൾ</u>

ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ 4,17 വാർഡുകളിൽ പുതിയ തെരുവ് വിളക്കുക സ്ഥാപിക്കുന്നതിനായി 2023-24 വർഷം താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുക നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്/നമ്പർ | 118/24 , വാർഡ് നാലിൽ തെരുവുവിളക്ക് സ്ഥാപിക്കൽ | 115/24 , വാർഡ് പതിനേഴിൽ തെരുവുവിളക്ക് സ്ഥാപിക്കൽ |
|---|---|---|

| | | |
|---|---|---|
| വകയിരുത്തിയ തുക | 21,000<br>(തനത് ഫണ്ട്) | 1,20,000<br>(തനത് ഫണ്ട്) |
| ചെലവു തുക | 20,306 | 1,19,990 |
| ബിൽസാങ്ഷൻ നമ്പർ | 577/28-3-2024 | 576/28-3-2024 |

വാർഡ് നാലിൽ 11 ഓട്ടോമാറ്റിക് 20 W സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 20,30 രൂപയും , വാർഡ് പതിനേഴിൽ 65 ഓട്ടോമാറ്റിക് 20 W സ്ട്രീറ്റ് ലൈറ്റുക സ്ഥാപിക്കുന്നതിന് 1,19,990 രൂപയും 2023-24 വർഷത്തിൽ അമാസ് പവ കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതികളുടെ ആസൂത്രണത്തിനു മുൻപ് ഗ്രാമപഞ്ചായത്തിൽ നിലവിലുള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകളുടെ കണക്കെടു നടത്തിയതായി കാണുന്നില്ല. 21 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 2 വാർഡുകളി മാത്രം ആവശ്യകത പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിയതി മാനദണ്ഡം വ്യക്തമല്ല.

2. മുൻ വർഷങ്ങളിൽ സ്ഥാപിച്ചതിൽ പ്രവർത്തിക്കാത്ത വിളക്കുകൾ മാ സ്ഥാപിക്കാനാണോ പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കാനാണോ പദ്ധതിക ലക്ഷ്യമിടുന്നതെന്ന് വ്യക്തമല്ല.

3. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നേ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

4. കരാറുകാരൻ കെ. എസ്. ഇ. ബി യിലെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസ എഞ്ചിനീയറുടെ അംഗീകാരത്തോടെയും, കെ. എസ്.ഇ. ബി. ജീവനക്കാരു മേൽനോട്ടത്തിലും പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പ്രവൃത്ത നിർവ്വഹിച്ചതിന് കെ.എസ്.ഇ.ബി യിൽ നിന്നുള്ള അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല.

കെ.എസ്.ഇ.ബിയുടെ കക്കോടി, ചേളന്നൂർ സെക്ഷനുകളിൽ നിന്നുള്ള ഡിമാ നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 8,72,438/- രൂപ അടവാക്കിയിട്ടുണ്ട്. മാസ തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| മാസം | അടവാക്കിയ തുക |
|---|---|
| 04/2023 | 66,080 |

| | |
|---|---|
| 05/2023 | 72,733 |
| 06/2023 | 68,848 |
| 07/2023 | 66,365 |
| 08/2023 | 68,686 |
| 09/2023 | 72,793 |
| 10/2023 | 73,235 |
| 11/2023 | 67,849 |
| 12/2023 | 78,173 |
| 01/2024 | 78,483 |
| 02/2024 | 79,791 |
| 03/2024 | 79,402 |
| ആകെ | 8,72,438 |

കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവിളക്കുകളു എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് 2023-24 വർഷത്തിൽ വൈദ്യ ചാർജ്ജ് അടവാക്കിയിട്ടുള്ളത്. നിലവിലുള്ള തെരുവ് വിളക്ക് രജിസ്റ്ററിൽ 2020 മുത പുതിയതായി സ്ഥാപിച്ച തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ മാത്രമാ രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 16/23-24 തീ. 27.07.2024 സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നി വ്യക്തമാക്കുന്ന രീതിയിൽ തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധന ഹാജരാക്കേണ്ടതാണ്.

## 1-21 എഫ്.എച്ച്.സി. മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 189/24 (എഫ്.എച്ച്.സി. യിലേക്ക് മരുന്ന വാങ്ങൽ) |
| പദ്ധതി അടങ്കൽ | 11,50,000/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് 1149670, തനതു ഫണ്ട് 330) |
| ചെലവ് | 11,41,049/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) |

ചേളന്നൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിനാ സപ്ലൈകോ, ഭാരതീയ ജൻഔഷധി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷ എന്നിവിടങ്ങളിലേക്ക് മേൽ പ്രോജക്ട പ്രകാരം 11,41,049/- രൂപ നൽകിയിട്ടുണ്ട്. ഇതി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ഒഴികെ മറ്റ സ്ഥാപനങ്ങളിൽ നിന മരുന്നുകൾ ലഭ്യമായിട്ടുണ്ട്. താഴെ പറയുന്ന ബില്ലുകൾ പ്രകാരമുള്ള തുകയ്ക്കുള്ള മരുന്നുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ എഫ്.എച്ച്.സി. യിലേക്ക് നൽകിയിട്ടില്ല.

| ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | തുക |
|---|---|
| 337/3.2.2024 | 2,53,090/- |
| 338/3.2.2024 | 2,46,910/- |
| 377/21.2.2024 | 2,00,000/- |
| **ആകെ** | **7,00,000/-** |

തുക അനുവദിച്ച് 6 മാസം കഴിഞ്ഞിട്ടും ബന്ധപ്പെട്ട സ്ഥാപനം മരുന്നുക ലഭ്യമാക്കാത്തതിനെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ 26.7.2024 ന് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടി മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വ 7,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-22 പിങ്ക് ഫിറ്റ്നസ്സ് സെന്റർ - പ്രവർത്തനക്ഷമമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 187/24 (പിങ്ക് ഫിറ്റ്നസ്സ് സെന്റർ ) |
| പദ്ധതി അടങ്കൽ | 5 ലക്ഷം രൂപ (വികസന ഫണ്ട്) |
| ചെലവ് | 3,83,101/- രൂപ |
| ബിൽ സാങ്ഷൻ നം./ തിയ്യതി | 533/25.3.2024 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

സ്ത്രീകളുടെ ശാരീരിക ക്ഷമത വർധിപ്പിക്കുന്നതിനായി മേൽ പദ്ധതി പ്രകാരം ഒ ഫിറ്റ്നസ്സ് സെന്റർ ആരംഭിക്കുന്നതിന് 24.3.2015 ന് ഉദ്ഘാടനം കഴിഞ്ഞ പഞ്ചായത്തിന്റെ ആസ്തിയിൽ പെടുന്ന ഞേറങ്ങാട്ട് ലക്ഷം വീട് കോളനിയിലുള്ള കോമ ഫെസിലിറ്റി സെന്റർ ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ട്. നിഷ്ക്രിയമായി കിടന്ന ഒ കെട്ടിടം ഉപയോഗപ്രദമാക്കാൻ തീരുമാനിച്ച പഞ്ചായത്തിന്റെ നടപടിക

പ്രശംസനീയമാണ്. എന്നാൽ പുതിയ പദ്ധതിക്കു വേണ്ടി കെട്ടിടം തെരഞ്ഞെടുത്തെങ്കില 29.3.2024 വരെ സ്ഥാപനം പ്രവ® ത്തനം ആരംഭിച്ചിട്ടില്ല. ഈ ആവശ്യത്തിനായി മേ ബില്ല് പ്രകാരം 3,83,101/- രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി കെട്ടിടത്തി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ട പ്രധാ അപാകത പദ്ധതി നടത്തിപ്പ് ഏതു രീതിയിലായിരിക്കണം എന്നതിനെ കുറിച്ച് ഒ ധാരണ പഞ്ചായത്തിന് ഉണ്ടായിരുന്നില്ല എന്നതാണ്. നിശ്ചിത യോഗ്യതയുള്ള ഒ ട്രെയിനറെ കണ്ടെത്താതെയാണ് പദ്ധതി ആസൂത്രണം ചെയ്തതും ഉപകരണങ്ങ വാങ്ങിയതും. പദ്ധതി എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കാൻ പഞ്ചായത്ത് സ്വീകരി നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും ഒരു ട്രെയിനറെ കണ്ടെത്താ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. വ്യക്തമായ ഒ ധാരണ ഇല്ലാതെ പദ്ധതി രൂപീകരിച്ചതിനാലാണ് സ്ഥാപനം പ്രവർത്തനം ആരംഭിക്കാ കാലതാമസം നേരിടുന്നതെന്ന് ഓഡിറ്റിൽ ബോധ്യമാകുന്നു. സ്ഥാപനം പ്രവർത്ത സജ്ജമാക്കി രേഖകൾ സഹിതം വിവരം അറിയിക്കുന്നത് വരെ ഉപകരണങ്ങ വാങ്ങുന്നതിന് ചെലവഴിച്ച 3,83,101/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-23 ശുചിത്വവും സ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന- പ്രവർത്തനാവലോകനം

**ആമുഖം**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994-അനിവാര്യ ചുമതലകൾ ( സെക്ഷൻ 218,219 മുതൽ എക്സ് വരെ) മാലിന്യ നിർമ്മാർജ്ജനത്തിൽ പഞ്ചായത്തിന്റെയും മാലിന സൃഷ്ടിക്കുന്നവരുടേയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കുന്നു. ചവറും ഖരാവസ്ഥയിലു മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നതും വീടുവീടാന്തരമു ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യാമെന്നതും ഖരമാലിന്യങ്ങൾ ആത്യന്തികമാ കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നതു മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നതു പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയു നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉ കർത്തവ്യവും നിയമത്തിൽ വ്യക്തമാക്കപ്പെടുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക, സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെ കവറുകളുടെയും ഉപയോഗം നിയന്ത്രിക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയി കൈകാര്യം ചെയ്യുക, പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക, മാലിന ബഹിർഗമിപ്പിക്കാതിരിക്കുക, ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളി നിക്ഷേപിക്കാതിരിക്കുക, മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലേ നിക്ഷേപിക്കാതിരിക്കുക തുടങ്ങിയ ചുമതലകൾ നിയമപ്രകാരം മാലിന്യ സ്രഷ്ടാക്കളു ചുമതലയിൽപ്പെടുന്നു.

**ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങൾ**

ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയു നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത സ്വീകരിക്കേണ്ടതുണ്ട്.

1) ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഒരു ഖരമാലിന മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്.

2) മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റി ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയുംവ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്.

3) ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യ വയ്ക്കേണ്ടതും ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാ സ്ഥലപരിമിതിയുള്ളവർക്കും തെരുവുശുചീകരണത്തിന്റെ ഭാഗമായുണ്ടാകു ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

4) ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗ വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹപ്പിക്കുക എന്നതായിരിക്കണം അജൈ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നു സ്ഥാപനങ്ങളിൽ നിന്നും തരം തിരിച്ച് നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക,ഇ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി(MRF)സെന്ററിൽ ശേഖരി രണ്ടാംഘട്ട തരം തിരിവ് നടത്തി റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക ,റ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗി വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രഡ്ഡിംഗി വിധേയമായവ റോഡ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണ പ്രവർത്തനരീതി.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളില പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .

6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെ രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹാ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തന മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക ആവശ്യമായ സാങ്കേതി സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്തങ്ങളിൽ പെടുന്നു.

8) ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപ പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നത ചുമതലയിൽപ്പെടുന്നു.

9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ചെയ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജ പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയി നിക്ഷിപ്തമാണ്.

10) സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി.പി.ആറിൽ സൂചിപ്പിക്കുന കാലയളവിനുള്ളിൽ) സീറോവെസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

**ഹരിത കർമ്മസേനയുടെ പ്രവർത്തനം**

ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന 16.08.2021 ൽ രൂപീകരിച്ചിട്ടുണ്ട് ആകെ 42 അംഗങ്ങൾ ഉള്ള സേന നിലവിൽ പ്രതിമാസം എല്ലാ വീടുകളും മ സ്ഥാപനങ്ങളും സന്ദർശിച്ച് അജൈവമാലിന്യങ്ങൾ ശേഖരിച്ചു വരുന്നുണ്ട്.

**ഹരിത കർമ്മസേന പിരിച്ചെടുത്ത പ്രതിമാസ ഫീസ് വിവരങ്ങൾ**

| ആകെ കെട്ടിടങ്ങൾ | | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | | | | ആകെ പിരിച്ചെടുത്ത ഫീസ് | | | | പിരിവിന്റെ ശതമാനം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
| | | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടി |
| 12009 | 656 | 4143 | 78 | 7309 | 173 | 213190 | 7800 | 372990 | 17300 | 36.74% | 12.1% | 64.28% | 26.3 |

2023 മാർച്ച് മാസത്തിൽ യഥാക്രമം 36.74 ഉം 12.1 ഉം ശതമാനമായിരുന വീടുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും അജൈവമാലിന്യ ശേഖരണം 2024 മാർ മാസത്തിൽ 64.28 ഉം 26.3 ഉം ശതമാനത്തിലെത്തിയിട്ടുണ്ട്. പലരും യൂസർ ഫ നൽകാൻ വിസമ്മതിക്കുന്നതിനാൽ ഫീ കൃത്യമായി പിരിച്ചെടുക്കുന്നതിന് സാധിക്കുന്നി എന്ന് ഹരിതകർമ്മസേന പ്രവർത്തകർ അറിയിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് കൃത്യമാ യൂസർ ഫീ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. നിലവിൽ പ്രതിമാസം 11,800/- രൂപയാണ് സേനാംഗങ്ങൾക വേതനമായി ലഭിക്കുന്നത്.

**ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഇടപെടലുകൾ**

MCF സ്ഥാപിക്കൽ, MCF ൽ അടിസ്ഥാന സൗകര്യമൊരുക്കൽ, ഹരിത സേനദ വാഹനം വാങ്ങൽ, മിനി MCF സ്ഥാപിക്കൽ, ഹരിത സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങല വാഹന വാടക നല്കലും, യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കര അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ഗ്രീൻ വേംസ് കമ്പനിക്ക് തുക നൽകര സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പിലാക്കൽ,റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ, കലക്ടേ അറ്റ് സ്കൂൾ, സാനിട്ടറി പാഡ് ഡിസ്പോസർ തുടങ്ങിയ ഇനങ്ങളിലാണ് ഈ വർഷങ്ങളി തുക ചെലവഴിച്ചിരിക്കുന്നത്.

**MCF ലെ അടിസ്ഥാന സൗകര്യം** - നിലവിൽ MCF വാടകക്കെട്ടിടത്തിലാണ പ്രവർത്തിക്കുന്നത്. കറന്റ് കണക്ഷൻ ലഭ്യമായിട്ടുണ്ട്. എന്നാൽ സോർട്ടിംഗ് ടേബിശ ബെയിലിംഗ് മഷീൻ തുടങ്ങിയവ ലഭ്യമായിട്ടില്ല. വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളി നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഇവിടെ ശേഖരിച്ച് ഗ്രീൻ വേംസ് കമ്പനിക കൈമാറുന്നു. MCF നായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥാപനം സ്ഥല വാങ്ങിയിട്ടുണ്ട്. എന്നാൽ കെട്ടിടം നിർമ്മിക്കുന്നതിന് ടെക്നിക്കൽ സാങ്ഷ ലഭ്യമാകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് അറിയിച്ചിട്ടുണ ഹരിതകർമ്മസേനയ്ക്ക് വാഹനം ലഭ്യമായിട്ടുണ്ട്. സേനയിലെ 5 അംഗങ്ങൾക്ക് ഡ്രൈവിം പരിശീലനം ലഭിച്ചിട്ടുണ്ട്.

**യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ-** അതിദരിദ്രർ, 'അഗര ആശ്രയ' പദ്ധതിയിൽ പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 67കുടുംബങ്ങ സ്ഥാപനത്തിലുണ്ട്. ഇവരുടെ വീടുകളിൽ നിന്നും മാലിന്യം പ്രതിമാസ ശേഖരിക്കുന്നതിന്റെ ഫീസ് സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് നല്കുന്നുണ തൻവർഷം പ്രതിമാസം 50/- രൂപ നിരക്കിൽ 40200/- രൂപ സേനയ്ക്ക് ഗ്രാമപഞ്ചായത നല്കിയിട്ടുണ്ട്.

**ഉറവിട മാലിന്യ സംസ്കരണം -** ജൈവമാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ യൂണിറ്റുകൾ സ്ഥാപനം വിതരണം ചെയ്തു വരുന്നുണ്ട്.

**അജൈവമാലിന്യം(റിജക്റ്റ്) കയറ്റി അയച്ച ഇനത്തിലെ ചെലവ്-**

റിജക്റ്റ് മാലിന്യം കയറ്റി അയച്ച ഇനത്തിൽ തൻ വർഷം ഗ്രീൻ വേംസ് കമ്പനിക പ്രൊജക്റ്റ് പ്രകാരം 852605/- രൂപ നൽകിയിട്ടുണ്ട്. റിജക്റ്റ് മാലിന്യം ചാക്കിന് 50/- രൂ നിരക്കിലാണ് പൊതുജനങ്ങളിൽ നിന്നും ശേഖരിക്കുന്നത്. എന്നാൽ റിജക്റ്റ് മാലിന്യങ്ങ ശേഖരിക്കുന്ന മാസങ്ങളിൽ പ്രതിമാസ ഫീസ് പിരിക്കുന്നില്ല. ഫലത്തിൽ അജൈവ പാ വസ്തുക്കൾ ശേഖരിക്കുന്നതിന് നിലവിൽ പ്രത്യേക ഫീസ് ഈടാക്കുന്നില്ല. സ്വന്ത മാലിന്യം, സ്വന്തം ഉത്തരവാദിത്തം എന്ന തത്വത്തിലധിഷ്ഠിതമായി വീടുകളി സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് പ്രത്യേക ഫീ ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവു വഹിക്കുക എന സമീപനം ഗ്രാമപഞ്ചായത്ത് സ്വീകിരിക്കേണ്ടതുണ്ട്. റിജക്റ്റ് മാലിന്യശേഖരണത്തിനു കൂട യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലാ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

**നിർദ്ദേശങ്ങൾ**

ഒരു ഖരമാലിന്യ മാനേജ് മെന്റ് പ്ലാൻ സഥാപനം തയ്യാറാക്കേണ്ടതാണ സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡ മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുക ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച് (ഉദാ-റിജ മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യ ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. മാലിന്യം വേർതിരിക്കൽ, ശേഖരണ ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കൈയ്യൊഴിയൽ എന്നിവയുമായ ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെല വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർഫീ

നിശ്ചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിം സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന ഉൽപാദകനിൽ നിന്നു തന്നെ ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു.

## 1-24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായില്ല .

| | |
|---|---|
| പ്രോജക്ട്നം./പേര് | 188/2024, ഗവ. ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 3,00,000/- (ബിൽ നം. 146/23-24 തീയതി 16.10.2023 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ട് പ്രകാരം ചേളന്നൂർ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുക വാങ്ങുന്നതിനായി 3,00,000/- രൂപ മുകളിൽ ചേർത്ത വിധം ഹോംകോ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 1,56,729/- രൂപയുടെ മരുന്നുക മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (1,43,271/-രൂപയുടെ) മരുന്നുക ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവര ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/23-24 തീയ 27.7.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ 1,43,271 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഹോമിയോ ഡിസ്പെ® സറിയിലേക്ക് ലാപ്ടോപ്പ് വാങ്ങ® - കെ® ട്രോണി® നിന്ന് ലാപ്ടോപ്പ് ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ ) |
| പ്രോജക്ട് നമ്പർ | 186/2024 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെ® സിറിയിലേക് ലാപ്ടോപ്പ് വാങ്ങ® |
| അടങ്കൽ | 44000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 39121/- (ബിൽ നം. 381/23-24 തീതി 22.02.2024 ) |

മേൽ പ്രോജക്ട് പ്രകാരം ചേളന്നൂർ ഹോമിയോ ഡിസ്പെൻസറിയിലേ ലാപ്ടോപ്പ് വാങ്ങുന്നതിനായി 39,121/- രൂപ മുകളിൽ ചേർത്ത വിധം കെൽട്രോണി കൈമാറിയിട്ടുണ്ട്. കേരള ഇ-ഗവേർണൻസ് ഐ- ടി പ്രക്യൂർമെന്റ് പോർ ട്ട മുഖേനയാണ് കെൽട്രോണിന് ഓർഡർ നൽകിയത്. കെൽ ട്രോണിന്റെ പ്രൊഫോർ ഇൻ വോയ്സ് നമ്പർ TVM/ITBG/PI/RC/53513/23-24 തീയതി 12-02-2024 പ്രകാര വർ ക്ക് ഓർ ഡർ നൽ കി 45 ദിവസത്തിനകം ലാപ്ടോപ്പ് ലഭ്യമാക്കുമെ അറിയിച്ചിരുന്നു. എന്നാൽ നാളിതു വരെ ലാപ്ടോപ്പ് ഡിസ്പെൻസറിക്ക് ലഭിച്ചിട്ടി കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിക അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയ (12/27.07.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പോർ ട്ടലിൽ തുക റീഫണ്ട് ചെയ്യാ ആവശ്യപ്പെട്ട റിക്വസ്റ്റ് നൽ കാൻ ഓപ്ഷൻ ഉണ്ട്. ലാപ്ടോപ്പ് താമസം വി ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം 39,121/- രൂപയോ തിരികെ ഈടാക്കുകയോ ചെ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ 39,121/-രൂപയുടെ ചെലവ് തടസ്സത്തി വെയ്ക്കുന്നു.

## 1-26 എസ്.എസ്.കെ വിഹിതം - വിനിയോഗ വിവരം ഇല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 89/24 (എസ്.എസ്.കെ വിഹിതം) |
| പദ്ധതി അടങ്കൽ | 8 ലക്ഷം രൂപ (വികസന ഫണ്ട്) |
| ചെലവ് | 8 ലക്ഷം രൂപ |
| ബിൽ സാങ്ഷൻ നമ്പർ/ തിയ്യതി | 102/14.8.2024 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

സ.ഉ.(കൈ) നം. 84/2022/തസ്വഭവ. തിയ്യതി 19.4.2022 നമ്പർ പതിനാല പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6(3,4) എന്നിവ പ്രകാരം തദ്ദേ സ്ഥാപനങ്ങൾ എസ്.എസ്.കെ. പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരേ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ, പരിപാടികൾ എന്നിവയുടെ വിവരങ്ങൾ എന്നി അതാത് സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം എ നിഷ്കർഷിക്കുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതി വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെ. യിൽ നിന്നും കൃത്യമാ ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ ബില്ല് പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോ വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ ചെലവു തുക 8 ലക്ഷം രൂപ തടസ്സത്തി വെക്കുന്നു.

## 1-27 വീട് വാസയോഗ്യമാക്കൽ - പദ്ധതി മാനദണ്ഡങ്ങൾ ക്ക് വിരുദ്ധമായി ഗുണഭോക്താവിനെ തെരഞ്ഞെടുത്തു

നിർവഹണോദ്യോഗസ്ഥൻ :വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ചെലവ് തുക : 8,08,090/-

ബിൽ നം./ തീയതി : 290/12.01.2024

വീട് വാസയോഗ്യമാക്കൽ (എസ്. സി) (പ്രോ.നം- 143/23) എന്ന പദ്ധതി പ്രകാര ഗുണഭോക്താക്കൾക്ക് 8,08,090/- രൂപ വിതരണം ചെയ്തിട്ടുണ്ട്. 8 വർഷത്തിൽ കൂടുത പഴക്കമുള്ളതും വാസയോഗ്യമല്ലാത്തതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിന് രണ ഗഡുക്കളായി 1 ലക്ഷം രൂപയാണ് ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാര ലഭിക്കുന്നത്. ആദ്യ ഗഡു കൈപ്പറ്റിയ 15 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടി നിശ്ചിത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ നിർവണോദ്യോഗസ്ഥൻ ഗുണഭോക്താക്കളുമായി ഒപ്പുവച്ച കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീമതി. ശാന്ത പൊയിൽത്താഴത്ത് എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പ ലഭ്യമാക്കിയ സർട്ടിഫിക്കറ്റ് പ്രകാരം വീടിന്റെ കാലപ്പഴക്കം 5 വർഷമാണ്. എന്നാൽ വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള വീടുകൾക്കാണ് പദ്ധതി പ്രകാരം ധനസഹായ നല്കേണ്ടത്. 12-01-24, 09-05-24എന്നീ തീയതികളിൽ രണ്ടു ഗഡുക്കളായി 1,00,000 രൂപ ടി ഗുണഭോക്താവിന് നൽ കിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക മറുപടിയായി, നിശ്ചിത കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്ന വ്യവസ വരും വർഷങ്ങളിൽ കരാറിൽ ഉൾപ്പെടുത്തുന്നതാണെന്നും ശ്രീമതി. ശാന പൊയിൽത്താഴത്ത് എന്ന ഗുണഭോക്താവ് 2015-16 സാമ്പത്തിക വർഷത്തിൽ ഇന്ദി ആവാസ് യോജനയിൽ ഉൾപ്പെട്ട് ഭവനനിർമ്മാണം പൂർത്തീകരിച്ച വ്യക്തിയാണ് എന്ന അറിയിച്ചിട്ടുണ്ട്. ടിയാൾ 2015-16 സാമ്പത്തിക വർഷത്തിൽ ഭവനനിർമ്മാണ പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയത് സംബന്ധിച്ച രേഖകൾ (സ്കീം രജിസ്റ്ററിെ പകർപ്പ് ഉൾപ്പെടെ) ഹാജരാക്കേണ്ടതാണ്.

പദ്ധതി മാനദണ്ഡങ്ങൾ ക്ക് വിരുദ്ധമായി 2023-24 വർഷത്തിൽ ചെലവഴിച്ച 50,000 രൂപയുടെ ചെലവ് വ്യക്തമായ വിശദീകരണവും രേഖകളും ഹാജരാക്കുന്നത് വ തടസ്സപ്പെടുത്തുന്നു. മറ്റ് ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശവ ലഭ്യമാക്കേണ്ടതാണ്.

## 1-28 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല

2023-24 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവര എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവു തുക, ഫണ്ട്, | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 266/24 | തലക്കുളത്തൂർ ടെക്നോളജി ബിസിനസ് | 50,000/- വികസന ഫണ്ട് | ജില്ലാ പഞ്ചായത്ത് 50,000/- |

| | | | | |
|---|---|---|---|---|
| | | ഇൻക്യൂബേഷൻ സെന്റർ വിഹിതം നൽകൽ | | ബിൽ നമ്പർ -502 തീ-24.03.2024 |
| 2 | 75/24 | എ.ബി.സി പദ്ധതി പഞ്ചായത്ത് വിഹിതം നൽകൽ | 1,00,000/- വികസന ഫണ്ട് | ജില്ലാ പഞ്ചായത്ത് 1,00,000/- ബിൽ നമ്പർ- തീ-01.12.2023 |
| 3 | 267/24 | എനേബിളിംഗ് കോഴിക്കോട് -സി.ഡി.എം.സി വിഹിതം നൽകൽ | 2,70,000/- വികസന ഫണ്ട് | CHC നരിക്കുനി 2,70,000/- ബിൽ നമ്പർ- തീ-25.03.2024 |
| ആകെ | | | 4,20,000 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക (നം.14/23-24, തീ-27.07.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്ന വരെ ചെലവ് തുക 4,20,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## <u>1-29 ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166ാം വകുപ്പിൽ ഗ്രാ പഞ്ചായത്തുകളുടെ ചുമതലകൾ സംബന്ധിച്ച 3-ാം പട്ടികയിൽ സാക്ഷരതാ പരിപാടിക നടപ്പാക്കുകയും വായനശാലകളുടേയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവു ഉൾപ്പെടുന്നുണ്ട്. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു ലൈബ്ര പ്രവർത്തിക്കുന്നുണ്ട്. 2023-24 വർഷം 200 രൂപ ദിവസവേതനത്തിൽ ഒരാളെ നിയമി ലൈബ്രറി പ്രവർത്തിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. തൻവർഷം ടി ഇനത്തിൽ തന ഫണ്ടിൽ നിന്നും ആകെ 49,000/- രൂപയുടെ ചെലവാണ് നടന്നിട്ടുള്ളത്. പഞ്ചായത്തി അനുവദിച്ച തസ്തികകളിൽ ഒരു പാർട് ടൈം ലൈബ്രേറിയന്റെ തസ്തി നിലവിലുണ്ടായിരുന്നിട്ടും പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്താതിരുന്നതി

വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റ പരിശോധിച്ചതിൽ 2711 വരെയുള്ള ബുക്ക് നമ്പറുകൾ രേഖപ്പെടുത്തിയതായ കാണുന്നുണ്ട്. എന്നാൽ ഇതിലൊന്നും പുസ്തകങ്ങളുടെ പേരുകൾ എഴുതി ചേർത്തിട്ടി പുതിയ പാർട് ടൈം ലൈബ്രറേറിയൻ 3/24 ൽ ജോലിയിൽ പ്രവേശിച്ച ശേഷ ലൈബ്രറിയിൽ നിലവിൽ കാണാൻ സാധിച്ച പുസ്തകങ്ങളുടെ വിവരങ്ങൾ ഒരു പുതി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. ടി രജിസ്റ്ററി ഉപയോഗിക്കാൻ പറ്റിയ 1696 പുസ്തകങ്ങളും 70 ഉപയോഗ ശൂന്യമായ പുസ്തകങ്ങ രേഖപ്പെടുത്തിയിട്ടുണ്ട്. പഴയ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 1/201 ലാണ് അവസാനമായി പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് വാങ്ങിയിട്ടുള്ളത്. ലൈബ്രറിയു പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിൽ മറുപടി ലഭ്യമാക്കാ ആവശ്യപ്പെട്ടുകൊണ്ട് 26.7.2024 ന് നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപ ലഭ്യമാക്കിയിട്ടില്ല.

1. 2/24 വരെ തസ്തിക ഒഴിഞ്ഞു കിടന്നതിന്റെ കാരണം

2. ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ബൈലോ

3. ലൈബ്രറിയിലെ വരിക്കാരുടെ എണ്ണം

4. മെമ്പർഷിപ്പ് ഫീ ഏതു നിരക്കിലാണ് ഈടാക്കുന്നത്

5. പുസ്തകങ്ങൾ തിരിച്ചേൽപിക്കാൻ വൈകുന്ന അവസരത്തിൽ ഈടാക്കുന്ന പിഴയു നിരക്ക്

6. പുതിയ തലമുറയെ ആകർഷിക്കും വിധം ലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്താ സ്വീകരിച്ച നടപടികൾ

7. സ്റ്റോക്കിലുണ്ടായിരുന്ന പഴയ പുസ്തകങ്ങളുടെ നിലവിലെ സ്ഥിതി

8. ഉപയോഗശൂന്യമായവ കയ്യൊഴിയുന്നതിന് സ്വീകരിച്ച നടപടികൾ

9. ഒരു കാര്യത്തിന് ഒന്നിലധികം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്ക രജിസ്റ്റർ ആധികാരികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

10. സ്റ്റോക്കിലുള്ള പുസ്തകങ്ങളുടെ ഭൗതിക പരിശോധന നടത്തി സെക്രട്ട സാക്ഷ്യപ്പെടുത്താതിരുന്നതിനുള്ള കാരണം.

ഓഡിറ്റ് ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും പഞ്ചായത്തിെ അധികാരത്തിലുള്ള ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി വിവര അറിയിക്കേണ്ടതുമാണ്.

## 1-30 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - അനർഹർ കൈപ്പറ്റുന്നില്ല എന്നത് ഉറപ്പ വരുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന 695 ഗുണഭോക്താക്കളുണ്ട്. 2023-24 വർഷം ഈ ഇനത്തിൽ ആകെ ചെലവ് 7,28,22,300 രൂപയാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങ അംഗൻവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാ ബാധ്യസ്ഥരാണെന്ന് 23.9.2020 ലെ സ.ഉ.(എം.എസ്.) നം. 97/2020/ധന നമ്പ

ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള നടപടികൾ സ്വീകരിക്കാത്തതിനാൽ ഗുണഭോക്താക്കൾ മരണപ്പെട്ട് മാസങ്ങള വർഷങ്ങളും കഴിഞ്ഞാണ് ബന്ധപ്പെട്ട ബാങ്കിനോട് തുക റീഫണ്ട് ചെയ്യാൻ പഞ്ചായത്ത ആവശ്യപ്പെടുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ | മരണപ്പെട്ട തിയ്യതി | ബാങ്കിന് കത്ത് നൽകിയ തിയ്യതി | മരണാനന്തരം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റായ തുക |
|---|---|---|---|---|
| ജാനു, കിഴക്കേ പുതുക്കുടി | കർഷക തൊഴിലാളി പെൻഷൻ | 23.9.2016 | 27.3.2024 | 37,200/- (29.3.2024 ന് ബാങ്ക് റീഫണ്ട് ചെയ്തു.) |
| മാധവൻ കമ്മിളി | വാർധക്യകാല പെൻഷൻ | 27.4.2024 | 1.7.2024 | 3,200/- |
| തറുവേയി കുട്ടി | വാർധക്യകാല പെൻഷൻ | 9.4.2020 | 1.3.2024 | 12,600/- |
| കൃഷ്ണകുമാർ സി. | വാർധക്യകാല പെൻഷൻ | 6.1.2024 | 3.7.2024 | 6,400/- |
| ശാരദ കണ്ടമ്പലത്ത് | കർഷക തൊഴിലാളി പെൻഷൻ | 6.4.2022 | 19.7.2024 | 24,000/- |

ഗുണഭോക്താക്കളുടെ മരണ ശേഷം അവരുടെ ബന്ധുക്കൾ പിൻവലിച്ച പോ തുകകളുടെ കാര്യത്തിൽ അവ തിരികെ ലഭിക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടിക അറിയിക്കേണ്ടതും മരണപ്പെട്ടവരുടെ വിവരങ്ങൾ സമയബന്ധിതമായി സർക്കാർ നിർദ്ദേ

പ്രകാരം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതി വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-31 കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2023-24 വർഷം 4,22,207/- രൂപ തന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി 29 ടാപ്പുകളുടെ ചാർജാ ടാപ്പൊന്നിന് 1213.26/- രൂപ തോതിൽ പ്രതിമാസം 35184/- രൂപയാണ് ഡിമാ ചെയ്യുന്നത്. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യത പരിശോധിക്കുന്നതിന് എ സംവിധാനമാണ് പഞ്ചായത്ത് സ്വീകരിച്ചതെന്ന് വ്യക്തമല്ല. വാട്ടർ അതോറിറ്റിയുമാ ചേർന്ന് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട ഏതൊക്കെ സ്ഥലങ്ങളിലാണ് ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച രജിസ്റ്റ ഓഡിറ്റിന് ഹാജരാക്കാൻ അവശ്യപ്പെട്ടുകൊണ്ട് 27.7.2024 നൽകിയ 20-ാം നമ്പ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ തയ്യാറാക്കി പരിശോധന ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ 4,22,207/- രൂപയുടെ ചെല തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പഞ്ചായത്ത് ഓഫീസ് നവീകരണം - സിഡ്കോയ്ക്ക് അധികതുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 197/24

അടങ്കൽ - 2,49,000/-, തനത് ഫണ്ട്

ചെലവ് തുക - 2,44,345/-, ബിൽ നം. 273/5.1.24

പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തികൾക്കായി SIDCO യിൽ നിന 2,44,345 രൂപയുടെ പ്രൊഫോർമ ഇൻവോയിസ് ലഭ്യമാക്കുകയും ആയത് 20.3.2 തീയതിയിലെ 2/12 നം. തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തു. Shape Table, Revolving Chair തുടങ്ങിയ ഫർണ്ണീച്ചറുകളും Painting, Cabling, Fals Ceiling തുടങ്ങിയ പ്രവൃത്തികളുമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രവൃത്തിക പൂർത്തീകരിച്ച് KKD/23-24/44 തീയതി 31.8.23 നമ്പറിലുള്ള ഇൻവോയ്സിനെ

അടിസ്ഥാനത്തിൽ 2,44,345രൂപ സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. False Ceilin പ്രവൃത്തിക്ക് സ്ക്വയർ ഫീറ്റിന് 87 രൂപയാണ് പ്രൊഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ സ്ക്വയ ഫീറ്റിന് 100 രൂപ നിരക്കിൽ അനുവദിച്ചതിനാൽ താഴെ പറയും പ്രകാരം 8,406 രൂ സിഡ്കോയ്ക്ക് അധികം നൽകിയിട്ടുണ്ട്.

| ഇനം | സിഡ്കോ ക്വാട്ട് ചെയ്ത നിരക്ക് | സിഡ്കോയ്ക്ക് നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| False Ceiling | 87/Sq Ft | 548 Sq Ft X 100 = 54800/-<br>GST 18% - 9864/-<br>ആകെ-64,664/- | 548 Sq Ft X 87 = 47676/-<br>GST 18% - 8,582/-<br>ആകെ-56,258/- | 8,406/- |

False Ceiling പ്രവൃത്തിക്ക് ക്വാട്ട് ചെയ്ത തുകയേക്കാൾ കൂടിയ തുക സിഡ്കോ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപ ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 8,406 രൂപ സിഡ്കോയിൽ നിന്നോ അല്ലാത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 23.07.2024,24.07.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 7,40,000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി | 7,40,000 | 0 |
| | 2023-24 | 1,20,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1,20,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2023-24 | 64,300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(സ്പിൽഓവർ) | 64,300 | 0 |
| | 2023-24 | 7,20,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 7,20,000 | 0 |
| | 2023-24 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1,00,000 | 0 |
| | 2023-24 | 50,000 | ക്ഷീരസംഘങ്ങൾ മുഖേന കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50,000 | 0 |
| | 2023-24 | 4,29,635 | പകൽവീട് പൂർത്തീകരണം | 4,29,635 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 9,00,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 9,00,000 | 0 |
| | 2023-24 | 12,30,000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി | 12,30,000 | 0 |
| | 2023-24 | 50,000 | ലൈഫ് ഭവന പദ്ധതി എസ്സ് ടി | 50,000 | 0 |
| | 2023-24 | 3,60,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 3,60,000 | 0 |
| | 2023-24 | 1,00,000 | പോത്തുകുട്ടി വിതരണം | 1,00,000 | 0 |
| | 2023-24 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1,00,000 | 0 |
| | 2023-24 | 1,00,000 | ക്ഷീരസംഘങ്ങൾ മുഖേന കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,00,000 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാ
അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി-18/08/2018 | 91,96,761 | 69,80,534 | 31,96,105 | 0 | 1,29,81,19( |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,50,457 |
| തൻവർഷം നിക്ഷേപിച്ച തുക | 1,27,693 |
| ആകെ | 21,78,150 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21,78,150 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | രസീതി നമ്പർ | തുക |
|---|---|---|---|
| 1 | കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേ റ്റീവ് ബാങ്ക്, കക്കോടി ശാഖ | 100211807520115 | 10,54,990 |
| 2 | കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേ റ്റീവ് ബാങ്ക്, കക്കോടി ശാഖ | 100211809520130 | 6,68,035 |

| | | | |
|---|---|---|---|
| 3 | കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേ റ്റീവ് ബാങ്ക്, കക്കോടി ശാഖ | 100211807520629 | 4,55,125 |
| ആകെ | | | 21,78,150 |

## 4-7 ഓഡിറ്റ് റിക്കവറി

ഈ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ 45,828/- രൂപയുടെ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2020-21 | 3-2(1) | 18000 | ശ്രീ.അഷ്റഫ്, കരാറുകാരൻ | 1230601270/ 27.07.2023 |
| 2020-21 | 3-2(2) | 27828 | ശ്രീ.അഷ്റഫ്, കരാറുകാരൻ | 1230601271/ 27.07.2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 Plan Fund AR | 12 | 2003-04 | 11.13.5.15 (പൊതു പരാമർശം) | മൈത്രി ഭവന പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 7,84,40,017 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 6,47,92,955 |
| വരവിനത്തിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,406/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,28,025/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8,406 | ശ്രീമതി. സ്മിത.എൻ , അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,70,325/- | ശ്രീമതി. ജ്യോതി.എൻ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 | 7,00,000/- | ഡോ. ബിബിൻ പ്രസാദ്.കെ , മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) |
| 1-22 | 3,83,101/- | ശ്രീമതി. ജ്യോതി.എൻ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 1,43,271/- | ഡോ. നർദ, മെഡിക്കൽ ഓഫീസർ(ഹോമിയോ) |

| | | |
|---|---|---|
| 1-25 | 39,121/- | ഡോ. നർദ,<br>മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-26 | 8,00,000/- | ശ്രീമതി. റാണി ഷർമ്മിള.എം.കെ ,<br>ഹെഡ് മിസ്ട്രസ് |
| 1-27 | 50,000/- | ശ്രീമതി. സിന്ധു.കെ ,<br>വി.ഇ.ഒ |
| 1-28 | 4,20,000/- | ശ്രീ. മനോജ് കുമാർ.കെ , സെക്രട്ടറി |
| 1-31 | 4,22,207/- | ശ്രീ. മനോജ് കുമാർ.കെ , സെക്രട്ടറി |
| | 31,28,025/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സ്മിത.എൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചേളന്നൂർ ഗ്രാമപഞ്ചായത്ത് | നീലംകുഴിതാഴം വീട്,<br>പാവങ്ങാട്,<br>പുതിയങ്ങാടി(പി.ഒ),<br>കോഴിക്കോട് |
| ശ്രീ. മനോജ് കുമാർ.കെ,<br>സെക്രട്ടറി | സെക്രട്ടറി,<br>ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കിഴക്കെപ്പാട്ട് വീട്,<br>കുരുവട്ടൂർ (പി.ഒ),<br>കക്കോടി, കോഴിക്കോട് |

| | | |
|---|---|---|
| ശ്രീമതി.ജ്യോതി.എൻ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കണ്ണാട്ട്താഴം, പ്രംതുരുത്തി, എലത്തൂർ, കോഴിക്കോട് |
| ശ്രീമതി.റാണിഷർമ്മിള.എം.കെ, ഹെഡ് മിസ്ട്രസ് | ഹെഡ് മിസ്ട്രസ്, ചേളന്നൂർ ഗ്രാമപഞ്ചായത്ത് | നിത്യ, പൗർണ്ണമി, ഇരുവള്ളൂർ |
| ശ്രീമതി. സിന്ധു.കെ , വി.ഇ.ഒ | വി.ഇ.ഒ, ചേളന്നൂർ ഗ്രാമപഞ്ചായത്ത് | ഇടക്രഞ്ചേരി, പെരുമണ്ണ, കോഴിക്കോട് |
| ഡോ. നർദ, മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽഓഫീസർ (ഹോമിയോ) ചേളന്നൂർ ഗ്രാമപഞ്ചായത്ത് | ആഷിയാന, പള്ളിപ്പൊയിൽ റോഡ്, ചേളന്നൂർ, കോഴിക്കോട് |
| ഡോ. ബിബിൻ പ്രസാദ്.കെ , മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) ചേളന്നൂർ ഗ്രാമപഞ്ചായത്ത് | കുന്നോത്ത് ഹൗസ്, കുരുവട്ടൂർ (പി.ഒ), കക്കോടി, കോഴിക്കോട്-673611 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി3/ 882/2022(3) തീ.19.04.2023 | 1 | 12 |
| 2000-01 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(9) തീ-28.09.2020 | 3 | 12, 14, 15 |
| 2001-02 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(2) തീ-28.0/.2020 | 3 | 2-8, 3-5, 3-9 |

| | | | |
|---|---|---|---|
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി3/ 1081/2019(3) തീ-28.08.2020 | 4 | 7, 8എ, 8ബി, 11 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി3/ 882/2022(6) തീ.19.04.2023 | 3 | 2-13, 3-4, 3-8 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022 തീയതി-19.04.2023 | 3 | 3-8, 3-15, 3-19 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(1) തീയതി 19.04.2023 | 1 | 3-8 എ |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(2) തീ-19.04.2023 | 4 | 3-16, 3-20, 3-21, 3-22 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(3) തീ-19.04.2023 | 1 | 3-10 (2) |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(5) തീ-19.04.2023 | 1 | 3-1 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(6) തീ-19.04.2023 | 9 | 2-2, 3-6, 3-10, 3-13 (2,3), 3-14 (1,2,3) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(6) തീയതി-19.04.2023 | 12 | 2-2, 2-5, 3-1, 3-2ബി, 3-3, 3-4, 3-4(1), 3-5, 3-11(1), 3-12, 3-13, 3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(7) തീയതി-19.04.2023 | 7 | 3-4, 3-5, 3-7, 3-8, 3-9, 3-15, 3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(8) തീയതി-19.04.2023 | 10 | 2-2, 3-3, 3-4, 3-5, 3-6, 3-7, 3-13(1), 3-13(2), 3-13(3), 3-14 |

| | | | |
|---|---|---|---|
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1193/2022(9) തീയതി-19.04.2023 | 13 | 1-5 (1,2,3,4, 5,6,7,8), 1-11, 1-12, 1-13(5), 1-15, 1-19, 1-21, 1-22, 1-25, 1-27, 1-29, 1-34, 1-35, 2-1 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി3/ 883/2022 തീ-16.05.2023 | 25 | 1-1,1-1-1,1-2-1,1-3,1-4-1,1-6, 1-10,1-11 മുതൽ 1-27 വരെ, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി3/ 1196/2023 തീ-01.03.2024 | 36 | 1-1, 1-2-1(1) To (8),(10) To (14), 1-5, 1-8, 1-10, 1-11, 1-13,1-15,1-16,1-17,1-18, 1-19,1-20,1-23,1-25, 1-26, 1-27, 1-28, 1-29, 1-31,1-33,1-34,3-1,3-2,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി3/ 2261/2022 തീ-21.07.2023 | 37 | 1-1, 1-2-1, 1-5, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21 മുതൽ 1-35 വരെയും, 2-1, 3-1, 3-2 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി.പി3/ 306/2024 തീ-25.03.2024 | 25 | 1-1-1, 1-1-2, 1-1-4, 1-1-5, 1-1-6,1-1-8 To 1-1-13, 1-1-15, 1-1-16, 1-7, 1-8, |

| | | | | |
|---|---|---|---|---|
| | | | | 1-11,1-12,1-13,1-15,1-17, 1-19,1-22,1-21, 1-22, 4-11 |

ഡെപ്യൂട്ടി ഡയറക്ടു
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 31-05-2024 and submitted on 10-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Chelannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given, I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chelannur Grama Panchayat as on 31-03-2024

**Date: 18/10/2024**

Deputy Director

Kerala State Audit Department

# Audit Report appended to the Audit Certificate of Chelannur Grama Panchayat for the Year 2023-2024.

## 1.Major Observations

Nil

## 2.Other Observations

a) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

b) Withdrawal without entry in bankbook.

c) Lapses in making timely and accurate demand entries in Property Tax.

d) Mismatch in Property Tax arrear calculations.

e) Expenditure not booked properly under concerned head.

f) E tender fees not added to own fund.

g) Part bill not included under Capital Work in progress B-11(b) head.

h) Allocation amount of GO projects not properly shown in Expenditure statement.

i) Abstracts not included in Registers.

j) Expenditure figure CFC tied fund differs in ACR and AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്